|---|---|---|---|---|---|---|---|---|---|---|---|
| SL NO | NAME ADDRESS | MOBILE | IS ALREADY A MEMBER | DESIGNATION IN WORKING GROUP | WARD | MALE/FEMALE | SC/ST/OTHERS | EDUCATION | EXPERIANCE/SKILL | OCCUPATION | WORKING GROUP |
| 1 | ഉഷ ശ്രീവാസൻ | | | ഉപാദ്ധ്യക്ഷൻ | | | | | | | 12.പൊതുമരാമത്ത് (വൈദ്യുതിയും ഊർജ്ജവും ഉൾപ്പടെ) |
| 2 | അസിസ്റ്റന്റ് എഞ്ചിനീയർ | | | കൺവീനർ | | | | | | | 12.പൊതുമരാമത്ത് (വൈദ്യുതിയും ഊർജ്ജവും ഉൾപ്പടെ) |
| 3 | ധന്യ മതിലകത്ത് | | | ഉപാദ്ധ്യക്ഷൻ | | | | | | | 12.പൊതുമരാമത്ത് (വൈദ്യുതിയും ഊർജ്ജവും ഉൾപ്പടെ) |
| 4 | റിൻസി ജെറിൻ | 9567535411 | | അംഗം | 3 | | | | | | 12.പൊതുമരാമത്ത് (വൈദ്യുതിയും ഊർജ്ജവും ഉൾപ്പടെ) |
| 5 | എം മോഹൻദാസ് | | | അംഗം | | | | | | | 12.പൊതുമരാമത്ത് (വൈദ്യുതിയും ഊർജ്ജവും ഉൾപ്പടെ) |
| 6 | ഗോപി ടി എസ് | 9605871423 | | അംഗം | 8 | | | | | | 12.പൊതുമരാമത്ത് (വൈദ്യുതിയും ഊർജ്ജവും ഉൾപ്പടെ) |
| 7 | സുരേന്ദ്രൻ കെ പി | | | അംഗം | | | | | | | 12.പൊതുമരാമത്ത് (വൈദ്യുതിയും ഊർജ്ജവും ഉൾപ്പടെ) |
| 8 | സുനിൽകുമാർ ടി ആർ | | | അംഗം | | | | | | | 12.പൊതുമരാമത്ത് (വൈദ്യുതിയും ഊർജ്ജവും ഉൾപ്പടെ) |
| 9 | സുഹൃത്ത് സി പി | 9495905750 | | അംഗം | 12 | | | | | | 12.പൊതുമരാമത്ത് (വൈദ്യുതിയും ഊർജ്ജവും ഉൾപ്പടെ) |
| 10 | തേജറാം തയ്യിൽ | | | അംഗം | | | | | | | 12.പൊതുമരാമത്ത് (വൈദ്യുതിയും ഊർജ്ജവും ഉൾപ്പടെ) |
| 11 | കെ ആർ ശിവദാസൻ | | | അംഗം | | | | | | | 12.പൊതുമരാമത്ത് (വൈദ്യുതിയും ഊർജ്ജവും ഉൾപ്പടെ) |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| 12 | ടി വി സുരേഷ് | | | അംഗം | | | | | | | 12.പൊതുമരാമത്ത് (വൈദ്യുതിയും ഊർജ്ജവും ഉൾപ്പടെ) |
| 13 | കെ എസ് മോഹനൻ | 9495420131 | | അംഗം | 9(old) | | | | | | 12.പൊതുമരാമത്ത് (വൈദ്യുതിയും ഊർജ്ജവും ഉൾപ്പടെ) |
| 14 | പി എസ് ബിജോയ് | | | അംഗം | | | | | | | 12.പൊതുമരാമത്ത് (വൈദ്യുതിയും ഊർജ്ജവും ഉൾപ്പടെ) |
| 15 | ബിജീഷ് എ ബി | 9447618011 | | അംഗം | 13 | | | | | | 12.പൊതുമരാമത്ത് (വൈദ്യുതിയും ഊർജ്ജവും ഉൾപ്പടെ) |
| 16 | നരേന്ദ്രൻ | 9446141798 | | അംഗം | 10 | | | | | | 12.പൊതുമരാമത്ത് (വൈദ്യുതിയും ഊർജ്ജവും ഉൾപ്പടെ) |
| 17 | സോണി തരകൻ | 9847739763 | | അംഗം | 5 | | | | | | 12.പൊതുമരാമത്ത് (വൈദ്യുതിയും ഊർജ്ജവും ഉൾപ്പടെ) |
| 18 | പോൾസൺ എ ജെ | 9447952564 | | അംഗം | 20 | | | | | | 12.പൊതുമരാമത്ത് (വൈദ്യുതിയും ഊർജ്ജവും ഉൾപ്പടെ) |
| 19 | അഴകപ്പൻ,കണ്ണോട്ട് ഹൗസ | 9847547170 | | അംഗം | 10 | | | | | | 12.പൊതുമരാമത്ത് (വൈദ്യുതിയും ഊർജ്ജവും ഉൾപ്പടെ) |
| 20 | സുനിൽകുമാർ | 9847682331 | | അംഗം | 14 | | | | | | 12.പൊതുമരാമത്ത് (വൈദ്യുതിയും ഊർജ്ജവും ഉൾപ്പടെ) |
| 21 | ജിഷ്ണു | 9995072358 | | അംഗം | 7 | | | | | | 12.പൊതുമരാമത്ത് (വൈദ്യുതിയും ഊർജ്ജവും ഉൾപ്പടെ) |
| 22 | സി ആർ ബൈജു | 9947460071 | | അംഗം | 6 | | | | | | 12.പൊതുമരാമത്ത് (വൈദ്യുതിയും ഊർജ്ജവും ഉൾപ്പടെ) |
| 23 | തേജൻ | 9567191974 | | അംഗം | 18 | | | | | | 12.പൊതുമരാമത്ത് (വൈദ്യുതിയും ഊർജ്ജവും ഉൾപ്പടെ) |
| 24 | തിലകൻ | 9388414915 | | അംഗം | 4 | | | | | | 12.പൊതുമരാമത്ത് (വൈദ്യുതിയും ഊർജ്ജവും ഉൾപ്പടെ) |

| 13.ദുരന്തനിവാരണം,ജൈവവൈവിധ്യം | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| SL NO | NAME ADDRESS | MOBILE | IS ALREADY A MEMBER | DESIGNATION IN WORKING GROUP | WARD | MALE/FEMALE | SC/ST/OTHERS | EDUCATION | EXPERIANCE/SKILL | OCCUPATION | WORKING GROUP |
| 1 | സുമിനി സുനിൽ | 9744198820 | | അദ്ധ്യക്ഷൻ | | | | | | | 13.ദുരന്തനിവാരണം,ജൈവവൈവിധ്യം |
| 2 | | | | ഉപാദ്ധ്യക്ഷ്ൻ | | | | | | | 13.ദുരന്തനിവാരണം,ജൈവവൈവിധ്യം |
| 3 | സെക്രട്ടറി | | | കൺവീനർ | | | | | | | 13.ദുരന്തനിവാരണം,ജൈവവൈവിധ്യം |
| 4 | ബേബി വിശ്വംഭരൻ | 9895234425 | | അംഗം | 4 | | | | | | 13.ദുരന്തനിവാരണം,ജൈവവൈവിധ്യം |
| 5 | സിനോയ് സി ഡി | 9847497007 | | അംഗം | | | | | | | 13.ദുരന്തനിവാരണം,ജൈവവൈവിധ്യം |
| 6 | ജോയ് ടി ടി | 8921689867 | | അംഗം | | | | | | | 13.ദുരന്തനിവാരണം,ജൈവവൈവിധ്യം |
| 7 | മാധവൻ കൊട്ടാരത്തിൽ | 7356839941 | | അംഗം | 13 | | | | | | 13.ദുരന്തനിവാരണം,ജൈവവൈവിധ്യം |
| 8 | പ്രതീഷ് കുമാർ പി കെ | 8527907859 | | അംഗം | | | | | | | 13.ദുരന്തനിവാരണം,ജൈവവൈവിധ്യം |
| 9 | ശ്രീജിത്ത് ഇ യു | 9961052077 | | അംഗം | 8 | | | | | | 13.ദുരന്തനിവാരണം,ജൈവവൈവിധ്യം |
| 10 | ജയ കൃഷ്ണൻ | 8138850785 | | അംഗം | 7 | | | | | | 13.ദുരന്തനിവാരണം,ജൈവവൈവിധ്യം |
| 11 | പ്രമോദ് | 9847863147 | | അംഗം | 13 | | | | | | 13.ദുരന്തനിവാരണം,ജൈവവൈവിധ്യം |
| 12 | അച്യുതൻ | 9824496497 | | അംഗം | 14 | | | | | | 13.ദുരന്തനിവാരണം,ജൈവവൈവിധ്യം |
| 13 | അനിൽ പി എൽ | 9895173290 | | അംഗം | 3 | | | | | | 13.ദുരന്തനിവാരണം,ജൈവവൈവിധ്യം |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| 14 | വിശ്വംഭരൻ | 9895774822 | | അംഗം | 10 | | | | | | 13.ദുരന്തനിവാരണം,ജൈവവൈവിധ്യം |
| 15 | ചന്ദ്ര ബാബു | 9496288038 | | അംഗം | 12 | | | | | | 13.ദുരന്തനിവാരണം,ജൈവവൈവിധ്യം |
| 16 | ആന്റു | 9605096203 | | അംഗം | 20 | | | | | | 13.ദുരന്തനിവാരണം,ജൈവവൈവിധ്യം |
| 17 | സുജിത്ത് നീലംമ്പിള്ളി | 9745454040 | | അംഗം | 5 | | | | | | 13.ദുരന്തനിവാരണം,ജൈവവൈവിധ്യം |
| 18 | കെ വി വിവേക് | 9633385551 | | അംഗം | 6 | | | | | | 13.ദുരന്തനിവാരണം,ജൈവവൈവിധ്യം |
| 19 | ബിനോയ് | 9847497007 | | അംഗം | 18 | | | | | | 13.ദുരന്തനിവാരണം,ജൈവവൈവിധ്യം |

## വികസന പരിപ്രേഷ്യം

സങ്കലിതമായ വികസന സമീപനമാണ് പോതുവിൽ കേരളം അനുവർത്തിച്ചു പോരുന്നത്. പ്രത്യേകിച്ച് 1996 ലെ അധികാര വികേന്ദ്രീകരണ പ്രവർത്തനങ്ങളും ജനകീയാസൂത്രണവും കേരളത്തിന്റെ സങ്കലിത വികസന സമീപനത്തിനുദാഹരണമാണ്. സുസ്ഥിര വികസന ലക്ഷ്യങ്ങൾ ഊന്നൽ നൽകുന്ന വിഷയങ്ങൾ തന്നെയാണ് ജനകീയാസൂത്രണത്തിലൂടെ കേരളം വിഭാവനം ചെയ്തിരിക്കുന്നത്. എന്നാൽ സുസ്ഥിര വികസന ലക്ഷ്യങ്ങളുടെ പശ്ചാത്തലത്തിലുള്ള സൂചകങ്ങളുടെ അടിസ്ഥാനത്തിൽ കൃത്യമായ അളവുകോൽ പ്രകാരം ആസൂത്രണം ചെയ്യുന്നത്  കേരളത്തിന്റെ അവസ്ഥ നിർണയിക്കാൻ ഉപകരിക്കും . പതിമൂന്നാം പഞ്ചവൽസര പദ്ധതിക്കായി കേരളത്തിന്റെ പൊതു ദർശനമായ നവകേരള കർമപരിപാടി സുസ്ഥിര വികസന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനുള്ള ഊർജിത പ്രവർത്തനങ്ങളുടെ ഭാഗമായി പഞ്ചായത്തിൽ തുടങ്ങിയിട്ടുള്ള ലക്ഷ്യാധിഷ്ഠിത പദ്ധതികളിലൂടെയുള്ള ഒരു സമഗ്ര വികസനം എന്ന കാഴ്ചപ്പാടാണ് അടാട്ട്  ഗ്രാമ പഞ്ചായത്ത് മുന്നോട്ട് വെച്ചിരിക്കുന്നത്.

വികസനത്തിന്റെ കാര്യത്തിൽ പ്രത്യേകിച്ചും ഓരോ മേഖലയിലും നടത്തിയ അവസ്ഥാ വിശകലനത്തിന്റെ അടിസ്ഥാനത്തിൽ നിർണയിക്കപെട്ടിട്ടുള്ള സുസ്ഥിര വികസന സൂചകങ്ങളുടെ ഗണപരതയും , ഗുണപരതയും വിശകലനം ചെയ്തു പഞ്ചായത്തിന്റെ സമഗ്ര വികസനം എന്ന കാഴ്ചപാടിൽ മുന്നോട്ടു പോകുന്നതിന്റെ ഭാഗമായി തെരഞ്ഞെടുക്കപ്പെട്ട പ്രാധാന മേഖലകളിലാണ് വികസനം ആവശ്യമെന്നും , ഇതുമായി ബന്ധപ്പെട്ട് അടാട്ട് ഗ്രാമ പഞ്ചായത്തിന്റെ വികസന സ്വപനങ്ങളുടെ കാഴ്ചപ്പാടിൽ പഞ്ചായത്ത് ഭരണസമിതി അംഗങ്ങൾ മുന്നോട്ട് വെച്ച പ്രധാന പദ്ധതികളുടെ ആശയം സ്ഥായിയായി ഒരു സുസ്ഥിര വികസനമാനെന്നും , ഇതുമായി ബന്ധപ്പെട്ട് വികസന കാഴ്ചപാടിന്റെ അടിസ്ഥാനത്തിൽ ഓരോ പ്രോജക്ടിന്റെയും വിശകലനം നടത്തുന്നതിനോടൊപ്പം ആ

പ്രോജക്ടുകൾ പൂർണമായി വിജയിക്കുന്നതിനും അടുത്ത അഞ്ചു അല്ലെങ്കിൽ പത്ത് വർഷം കൊണ്ട് എന്തെല്ലാം മാറ്റങ്ങൾ വരണമെന്നുള്ള കാഴ്ച പാടിന്റെ അടിസ്ഥാനത്തിൽ ഓരോ പ്രോജക്ടുകളുടെയും ഉപലക്ഷ്യങ്ങൾ നിർണയിക്കുകയും അതിനാവിശ്യമായ കർമ്മ പദ്ധതികൾ അല്ലെങ്കിൽ കാര്യപരിപാടികൾ ആസൂത്രണം ചെയ്യുകയും ചെയ്യതിന്റെ വെളിച്ചത്തിൽ അടാട്ട് ഗ്രാമ പഞ്ചായത്തിൽ സ്ഥായിയായ ഒരു സമഗ്ര വികസനം നടപ്പിലാക്കാൻ കഴിയും എന്ന് ഭരണ സമിതി അംഗങ്ങൾ വിലയിരുത്തുന്നു. കേരളത്തിലാദ്യമായി സുസ്ഥിര വികസന സൂചകങ്ങളുടെ അടിസ്ഥാനത്തിൽ അവസ്ഥ വിശകലനം നടത്തുകയും ഈ അവസ്ഥാ വിശകലനത്തിന്റെ കാഴ്ചപ്പാടിൽ പഞ്ചായത്ത് ഭരണ സമിതി മുന്നോട്ട് വച്ചിരിക്കുന്ന കർമ്മ പരിപാടികൾ / പദ്ധതികൾ ഒരു വികസന സ്വപ്നമാണ്. അത് വഴി " അടാട്ടിന്റെ സമഗ്ര വികസനം സുസ്ഥിര വികസനത്തിലൂടെ" എന്ന കാഴ്ച്ചപാടിൽ വികസന മേഖലകളിലെ പുതിയ പ്രശ്നങ്ങളെ പരിഹരിക്കലും അതുപോലെ തന്നെ വെല്ലു വിളികൾ നേരിടുന്ന പ്രശ്ന മേഖലയായ കുടിവെള്ളം , ആരോഗ്യം , മാലിന്യ സംസ്കരണം , ശുചിത്വം എന്നിവയിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയുമെന്നും ഭരണ സമിതി പ്രതീക്ഷിക്കുന്നു. ഭരണസമിതി അംഗങ്ങൾക്ക് അടുത്ത അഞ്ചു വർഷം കൊണ്ട് എന്ത് മാറ്റങ്ങൾ വരുമെന്നും മനസ്സിലാക്കാൻ ഈ പദ്ധതികളിലൂടെ കഴിയും . പതിനാലാം പഞ്ചവത്സര പദ്ധതികളുമായി യോജിപ്പിച്ച് സംയോജിത പദ്ധതികളായിട്ടാണ് പഞ്ചായത്ത് വാർഷിക പദ്ധതികൾ ആസൂത്രണം ചെയ്തിരിക്കുന്നത് .

1. വിശപ്പ് രഹിത പഞ്ചായത്ത്
2. ആരോഗ്യം
3. മാലിന്യ സംസ്കരണം
4. വ്യവസായ സൗഹൃദ പഞ്ചായത്ത്
5. ഊർജ സംരക്ഷണം

6. വയോജന സൗഹൃദ പഞ്ചായത്ത്

7. ഭിന്നശേഷി സൗഹൃദ പഞ്ചായത്ത്

8. ബാല സൗഹൃദ പഞ്ചായത്ത്

9. സ്ത്രീ സൗഹൃദ പഞ്ചായത്ത്

10. പട്ടികജാതി സൗഹൃദ പഞ്ചായത്ത്

11. അടാട്ട് പച്ച

12. സുഭിക്ഷം ജലസമൃദ്ധ അടാട്ട്

13. സമ്പൂർണ്ണ ഭവന പദ്ധതി

**അടാട്ട് ഗ്രാമപഞ്ചായത്ത്**
**സുസ്ഥിര വികസന ലക്ഷ്യങ്ങൾ – ഗ്രാമപഞ്ചായത്തിന്റെ വികസന പദ്ധതി**

| I | പ്രോജക്ടിന്റെ പൊതു ലക്ഷ്യം | കാലയളവ് | |
|---|---|---|---|
| | | 2020–25 | 2026–2030 |
| | എല്ലാവർക്കും സമ്പൂർണ്ണ ആരോഗ്യം 2030 ഓടെ | | ✓ |

കുറിപ്പ്:

1. പ്രോജക്ടിന്റെ പൊതുലക്ഷ്യം എഴുതുക
2. ആ ലക്ഷ്യം നേടിയെടുക്കുന്ന കാലയളവ്

| II | ഭൗതിക ലക്ഷ്യങ്ങൾ | ഗണപരത | ഗുണപരത |
|---|---|---|---|
| | ശിശുമരണം ഇല്ലാത്ത പഞ്ചായത്ത്<br><br>മാതൃമരണങ്ങൾ ഇല്ലാത്ത പഞ്ചായത്ത് | ശിശുമരണം 0□<br><br>ശിശുമരണം 0□ | |

കുറിപ്പ്:

1. പ്രോജക്ടിന്റെ ഭൗതിക ലക്ഷ്യങ്ങൾ അളക്കുന്നത് സൂചകങ്ങൾ വഴിയാണ്. നേടാൻ ഉദ്ദേശിക്കുന്ന ലക്ഷ്യങ്ങളുടെ എണ്ണവും (ഗണപരത – Quantitative)ഗുണവും (ഗുണപരത–Qualitative) എഴുതുക.

| III | പ്രോജക്ടിന്റെ ഉപലക്ഷ്യങ്ങൾ | കാലയളവ് | | | |
|---|---|---|---|---|---|
| | | 2022–23 | 2023–24 | 2024–25 | 2025–26 |
| | ശിശുമരണം ഇല്ലാത്ത പഞ്ചായത്ത്<br><br>മാതൃമരണങ്ങൾ ഇല്ലാത്ത പഞ്ചായത്ത് | □<br><br>□ | | | |

കുറിപ്പ്:

1. ഓരോ പ്രോജക്ടിന്റേയും ഉപലക്ഷ്യങ്ങൾ അതത് വർഷങ്ങളിൽ ചെയ്യാനുദ്ദേശിക്കുന്ന പ്രവർത്തനങ്ങളാണ്/ കൈവരിക്കാൻ ഉദ്ദേശിക്കുന്ന ഘടകങ്ങളാണ് എഴുതേണ്ടത്.

| IV | പ്രോജക്ടിന്റെ പൊതുലക്ഷ്യങ്ങൾ/ഉപലക്ഷ്യങ്ങൾ | അനിവാര്യ ചുമതലകൾ | പൊതു ചുമതലകൾ | വികസന മേഖല ചുമതലകൾ |
|---|---|---|---|---|
| | എല്ലാവർക്കും ആരോഗ്യം 2030 ഓടെ | | □ | □ |

കുറിപ്പ്:

1. പ്രോജക്ടിന്റെ പൊതുലക്ഷ്യങ്ങൾ/ഉപലക്ഷ്യങ്ങളിൽ ഏതൊക്കെയാണ് അനിവാര്യ ചുമതലകൾ, പൊതു ചുമതലകൾ, വികസന മേഖല ചുമതലകൾ എന്നിവ തരം തിരിച്ച് എഴുതുക

| V | പ്രോജക്ടിന്റെ ഉപലക്ഷ്യങ്ങൾ | ഉപലക്ഷ്യം കൈവരിക്കുന്നതിന് വേണ്ടിയുള്ള പ്രവർത്തനങ്ങൾ [ലക്ഷ്യങ്ങളും കാലയളവും ഉൾപ്പെടുത്തണം] | |
|---|---|---|---|
| | | 2025–26 | 2026–27 |
| | 1. ശിശുമരണ നിരക്ക് ഇല്ലാത്ത പഞ്ചായത്ത്<br>2. ഗർഭിണികളുടെ മരണ നിരക്ക് ഇല്ലാത്ത പഞ്ചായത്ത്<br>3. പോഷകാഹാര കുറവ് ഇല്ലാത്ത പഞ്ചായത്ത് | 1. എല്ലാ സബ്സെന്ററുകളും മെച്ചപ്പെടുത്തി പ്രവർത്തനക്ഷമമാക്കുന്നു.<br>2. സബ് സെന്ററുകളിൽ അമ്മമാർ/ഗർഭിണികൾക്കുള്ള സേവനങ്ങൾ വ്യക്തമാക്കി നിർവചിച്ച് പ്രവർത്തനം തിട്ടപ്പെടുത്തുന്നു.<br>3. മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്തുന്നു | |

കുറിപ്പ്:

1. പ്രോജക്ടിന്റെ ഉപലക്ഷ്യങ്ങൾ കൈവരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ 2021–22 ന്റേത് പട്ടികപ്പെടുത്തുകയും 2022–23 ലേത് ആസൂത്രണം നടത്തിയിട്ടുണ്ടെങ്കിൽ അവയും എഴുതുക.

| VI | പൊതുലക്ഷ്യങ്ങൾ/ഉപലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് പ്രയോജനപ്പെടുത്താവുന്ന സ്കീമുകൾ (ഉപലക്ഷ്യങ്ങളുടെ അടിസ്ഥാനത്തിൽ) | | |
|---|---|---|---|
| | പൊതുലക്ഷ്യങ്ങൾ/ഉപലക്ഷ്യങ്ങൾ | പദ്ധതികൾ | ഘടകങ്ങൾ |
| | എല്ലാവർക്കും ആരോഗ്യം – ശിശുമരണ നിരക്ക് | ICDS, ASHA<br>NHM, ആർദ്രം | |

കുറിപ്പ്:

1. ചുവടെ കൊടുത്തിരിക്കുന്ന ഉദാഹരണം പരിശോധിച്ച് പൂരിപ്പിക്കുക.

ഉദാ:

| പൊതുലക്ഷ്യം/ഉപലക്ഷ്യം | പദ്ധതികൾ | ഘടകങ്ങൾ |
|---|---|---|
| ശുചിത്വം– ഖര മാലിന്യ സംസ്കരണം | കുടുംബശ്രീ, തൊഴിലുറപ്പ് | MCF, Mini MCF, Community Composting |

| VII | 2026–2027 സാമ്പത്തിക വർഷത്തിൽ ചെയ്യേണ്ട പ്രവർത്തനങ്ങൾ | ഉപലക്ഷ്യങ്ങൾ | പ്രവർത്തന കലണ്ടർ |
|---|---|---|---|
| | | | |

കുറിപ്പ്:

1. വാർഷിക പദ്ധതിയിൽ (2026–27) ചെയ്യുന്ന പ്രവർത്തനങ്ങളിലൂടെ കൈവരിക്കുന്ന നേട്ടങ്ങൾ, ചുമതലകൾ പട്ടികപ്പെടുത്തുക.

# അടാട്ട് ഗ്രാമപഞ്ചായത്ത്

## സുസ്ഥിര വികസന ലക്ഷ്യങ്ങൾ – ഗ്രാമപഞ്ചായത്തിന്റെ വികസന പദ്ധതി

| I | പ്രോജക്ടിന്റെ പൊതു ലക്ഷ്യം | കാലയളവ് | |
|---|---|---|---|
| | | 2020-25 | 2025-2030 |
| | സമ്പൂർണ മാലിന്യ മുക്തം 2030 ഓടെ | | ✓ |

കുറിപ്പ്:

1. പ്രോജക്ടിന്റെ പൊതുലക്ഷ്യം എഴുതുക
2. ആ ലക്ഷ്യം നേടിയെടുക്കുന്ന കാലയളവ്

| II | ഭൗതിക ലക്ഷ്യങ്ങൾ | ഗണപരത | ഗുണപരത |
|---|---|---|---|
| | • ശുചിത്വ ഖരമാലിന്യ പ്ലാന്റുകൾ സ്ഥാപിക്കുക<br>• ദ്രവ്യമാലിന്യങ്ങൾ സംസ്കരിക്കുന്നതിനുള്ള പ്ലാൻറുകൾ വാർഡ് തലത്തിൽ<br>• വാർഡ് തലത്തിൽ മിനി MCF സ്ഥാപിക്കുക.<br>• ശുചിത്വ മാലിന്യ സംസ്കരണ പദ്ധതികൾ വഴി സമ്പൂർണ്ണ മാലിന്യ മുക്ത പഞ്ചായത്ത് | 1<br>4<br>18 | • ഖരമാലിന്യ പ്ലാന്റുകൾ സ്ഥാപിക്കുക വഴി പഞ്ചായത്തിനെ സമ്പൂര്ണ മാലിന്യ മുക്തമാക്കുക |

കുറിപ്പ്:

1. പ്രോജക്ടിന്റെ ഭൗതിക ലക്ഷ്യങ്ങൾ അളക്കുന്നത് സൂചകങ്ങൾ വഴിയാണ്. നേടാൻ ഉദ്ദേശിക്കുന്ന ലക്ഷ്യങ്ങളുടെ എണ്ണവും (ഗണപരത – Quantitative)ഗുണവും (ഗുണപരത-Qualitative) എഴുതുക.

| III | പ്രോജക്ടിന്റെ ഉപലക്ഷ്യങ്ങൾ | കാലയളവ് | | | | |
|---|---|---|---|---|---|---|
| | | 2022–23 | 2023–24 | 2024–25 | 2025–26 | 2026-27 |
| ശുചിത്വ ഖരമാലിന്യ പ്ലാന്റുകൾ സ്ഥാപിക്കുക | • ശുചിത്വ ഖരമാലിന്യ പ്ലാന്റുകൾ സ്ഥാപിക്കുക<br>• ദ്രവ്യമാലിന്യങ്ങൾ സംസ്കരിക്കുന്നതിനുള്ള പ്ലാൻറുകൾ വാർഡ് തലത്തിൽ<br>• വാർഡ് തലത്തിൽ മിനി MCF സ്ഥാപിക്കുക.<br>• ശുചിത്വ മാലിന്യ സംസ്കരണ പദ്ധതികൾ വഴി സമ്പൂർണ മാലിന്യ മുക്ത പഞ്ചായത്ത് | 0<br>0<br>0<br>0 | | | | |

കുറിപ്പ്:

1. ഓരോ പ്രോജക്ടിന്റേയും ഉപലക്ഷ്യങ്ങൾ അതത് വർഷങ്ങളിൽ ചെയ്യാനുദ്ദേശിക്കുന്ന പ്രവർത്തനങ്ങളാണ്/ കൈവരിക്കാൻ ഉദ്ദേശിക്കുന്ന ഘടകങ്ങളാണ് എഴുതേണ്ടത്.

| IV | പ്രോജക്ടിന്റെ പൊതുലക്ഷ്യങ്ങൾ/ഉപലക്ഷ്യങ്ങൾ | അനിവാര്യ ചുമതലകൾ | പൊതു ചുമതലകൾ | വികസന മേഖല ചുമതലകൾ |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | • സമ്പൂർണ മാലിന്യ മുക്തം 2030 ഓടെ | ● | ● | ● |

കുറിപ്പ്:

1. പ്രോജക്ടിന്റെ പൊതുലക്ഷ്യങ്ങൾ/ഉപലക്ഷ്യങ്ങളിൽ ഏതൊക്കെയാണ് അനിവാര്യ ചുമതലകൾ, പൊതു ചുമതലകൾ, വികസന മേഖല ചുമതലകൾ എന്നിവ തരം തിരിച്ച് എഴുതുക

| V | പ്രോജക്ടിന്റെ ഉപലക്ഷ്യങ്ങൾ | ഉപലക്ഷ്യം കൈവരിക്കുന്നതിന് വേണ്ടിയുള്ള പ്രവർത്തനങ്ങൾ [ലക്ഷ്യങ്ങളും കാലയളവും ഉൾപ്പെടുത്തണം] | |
|---|---|---|---|
| | | 2025–26 | 2026–27 |
| | • ശുചിത്വ ഖരമാലിന്യ പ്ലാന്റുകൾ സ്ഥാപിക്കുക<br>• ദ്രവ്യമാലിന്യങ്ങൾ സംസ്കരിക്കുന്നതിനുള്ള പ്ലാൻറുകൾ വാർഡ് തലത്തിൽ<br>• വാർഡ് തലത്തിൽ മിനി MCF സ്ഥാപിക്കുക.<br>ശുചിത്വ മാലിന്യ സംസ്കരണ പദ്ധതികൾ വഴി സമ്പൂർണ മാലിന്യ മുക്ത പഞ്ചായത്ത് | • അടാട്ട് പ്രദേശത്ത് അജൈവ മാലിന്യങ്ങളെ MCF വഴി ശേഖരിച്ച് സംസ്കരിക്കുക.<br>• എല്ലാ ജൈവ മാലിന്യങ്ങളെയും ഉറവിടത്തിൽ തന്നെ സംസക്രിച്ച വികേന്ദ്രീയ മാലിന്യ സംസ്കരണം ന ടത്തുക. | • എല്ലാ വാർഡുകളിലും അജൈവ മാലിന്യങ്ങളെ മിനി MCF വഴി ശേഖരിച്ച സംസ്കരികുക.<br>• മാർക്കറ്റ് പരിസരത്ത് ജൈവ മാലിന്യങ്ങളുടെ അളവ് കൂടുന്ന സാധ്യത കണക്കിലെടുത്ത് കേന്ദ്രീക്രിതവും , ശാസ്ത്രീയവുമായ സംസ്കരണ സംവീധാനമായ തുമ്പൂർമൊഴി മാതൃകയിൽ പ്ലാൻറ് സ്ഥാപിക്കുക. |

| | | | |
|---|---|---|---|
| | • ശുചിത്വ മാലിന്യ സംസ്കരണ പദ്ധതികൾ വഴി സമ്പൂർണ്ണ മാലിന്യ മുക്ത പഞ്ചായത്ത് | | |

കുറിപ്പ്:

1. പ്രോജക്റ്റിന്റെ ഉപലക്ഷ്യങ്ങൾ കൈവരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ 2021-22 ന്റേത് പട്ടികപ്പെടുത്തുകയും 2022-23 ലേത് ആസൂത്രണം നടത്തിയിട്ടുണ്ടെങ്കിൽ അവയും എഴുതുക.

| VI | പൊതുലക്ഷ്യങ്ങൾ/ഉപലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് പ്രയോജനപ്പെടുത്താവുന്ന സ്കീമുകൾ (ഉപലക്ഷ്യങ്ങളുടെ അടിസ്ഥാനത്തിൽ) | | |
|---|---|---|---|
| | പൊതുലക്ഷ്യങ്ങൾ/ഉപലക്ഷ്യങ്ങൾ | പദ്ധതികൾ | ഘടകങ്ങൾ |
| | 2030 ഓടെ സമ്പൂർണ്ണ മാലിന്യ മുക്ത പഞ്ചായത്ത് | • കുടുംബശ്രീ | • MCF<br>• MINI MCF<br>• കമ്മ്യൂണിറ്റി കംബോസ്റ്റിംഗ് |

| VII | 2026 -27 സാമ്പത്തിക വർഷത്തിൽ ചെയ്യേണ്ട പ്രവർത്തനങ്ങൾ | ഉപലക്ഷ്യങ്ങൾ | പ്രവർത്തന കലണ്ടർ |
|---|---|---|---|

| | | | |
|---|---|---|---|
| | • മിനി എം.സി.എഫ് സ്ഥാപിക്കുക<br>• കമ്മ്യൂണിറ്റി കംബോസ്റ്റിംഗ്<br>• ജൈവ മാലിന്യങ്ങളെ നീക്കം ചെയ്യുന്നതിനുള്ള ശാസ്ത്രീയ നടപടികൾ സ്വീകരിക്കുക | • വാർഡ് തലത്തിൽ മിനി എം.സി.എഫ്.സ്ഥാപിക്കുക<br>• ശുചിത്വ മാലിന്യ സംസ്കരണ പദ്ധതികൾ ആസൂത്രണം ചെയ്യുക<br>• ശുചിത്വ സംസ്കരണ പദ്ധതികൾ ആസൂത്രണം ചെയ്യുക | 2026-27<br>2026-27<br>2026-27 |

കുറിപ്പ്:

1. വാർഷിക പദ്ധതിയിൽ (2026-27) ചെയ്യുന്ന പ്രവർത്തനങ്ങളിലൂടെ കൈവരിക്കുന്ന നേട്ടങ്ങൾ, ചുമതലകൾ പട്ടികപ്പെടുത്തുക.

## അവസ്ഥ രേഖ വിശകലനം

1. കൃഷി
2. ജലസേചനം
3. മൃഗ സംരക്ഷണം – മത്സ്യബന്ധനം
4. വിദ്യഭാസം – അങ്കണവാടികൾ
5. കുടിവെള്ളം
6. ആരോഗ്യം
7. വ്യവസായം
8. ഗതാഗതം
9. ഊർജം
10. സാമൂഹ്യ ക്ഷേമം
11. പാർപ്പിടം
12. സംസ്കാരം
13. വനിതാ – ക്ഷേമം
14. സഹകരണം
15. വിഭവ സഹാഹരണം

## കൃഷി – ജലസേചനം

1. നെൽകൃഷി
2. തെങ്ങ്
3. കവുങ്ങ്
4. കശുമാവ്
5. റബർ
6. വാഴ
7. ഇഞ്ചി – മഞ്ഞൾ
8. പച്ചക്കറികൾ
9. മരച്ചീനി
10. ജില്ല കൃഷിതോട്ടം

11. ജല സേചനം

| കൃഷി | |
|---|---|
| **അന്ന്** | **ഇന്ന്** |
| തൃശ്ശൂർ ജില്ലയിലെ തൃശ്ശൂർ താലൂക്കിൽ കാർഷിക രംഗത്ത് ഏറ്റവും കൂടുതൽ അറിയപ്പെടുന്ന പഞ്ചായതായിരുന്നു അടാട്ട് .<br>പഞ്ചായത്തിന്റെ മൊത്തം വിസ്തീർണ്ണം എന്നത് 23.02 ച.കി.മീ..<br>ഇരുപതാം നൂറ്റാണ്ടിന്റെ മധ്യകാലം വരെ ഈ പഞ്ചായത്തിൽപ്പെടുന്ന കൃഷി ഭൂമികളെല്ലാം കുറൂർ മന, പുന്നത്തൂർ കോട്ട, പഴനൂഴ ദേവസ്വം തുടങ്ങിയ ജൻമിമാരുടെ വകയായിരുന്നു. ഭൂപരിഷ്കരണ നിയമം വന്നതോടുകൂടിയാണ് യഥാർത്ഥ കർഷകർക്ക് കൃഷിഭൂമിയുടെ ഉടമസ്ഥാവകാശം ലഭ്യമായത്. ദുർവ്വഹമായ പാട്ടവും, വാരവും കർഷകരെ വല്ലാതെ സാമ്പത്തിക പ്രതിസന്ധിയിലാക്കിയിരുന്നു. ഭൂപരിഷ്കരണ നടപടി കളുടെ ഭാഗമായി രൂപ വൽക്കരിക്കപ്പെട്ട ലാൻറ് ട്രൈബ്യൂണലുകൾ വഴിയാണ് കുടിയാൻ മാർക്കും, കുടികിടപ്പുകാർക്കും തങ്ങളുടെ ചിരകാലാഭിലാഷം സാക്ഷാത്കരിക്കാ കഴിഞ്ഞത്, അടിസ്ഥാന മേഖലകളായ കൃഷി, വ്യവസായം എന്നിവയുടെ പുരോഗതിയാണ് രാഷ്ട്രത്തിൻറ സമ്പൽ സമൃദ്ധിക്ക് നിദാനമായിട്ടുള്ളത്. ഒരു ഗ്രാമത്തിന്റെ വിശുദ്ധിയും, സ്നിഗ്ധതയും നിറഞ്ഞ അടാട്ട് ഗ്രാമ പഞ്ചായത്ത് | കാർഷികമേഖലയിലെ വർദ്ധിച്ച ഉല്പാദന ചെലവും തൊഴിലാളി ദൗർലഭ്യവും നെൽകൃഷി ചെയ്യുന്ന ഭൂമി തരിശിടുവാൻ കർഷകരെ പ്രേരിപ്പിക്കുന്നതിനാൽ ഈ കൃഷി ഉപയുക്തമാക്കാൻ ഇടപെടലുകൾ അത്യാവശ്യമാണ്. തരിശുഭൂമി പഞ്ചായത്ത് ഇടപെട്ട് സ്വകാര്യവ്യക്തികളുടെ സമ്മതപ്രകാരം ഏറ്റെടുത്ത് കാർഷിക വൃത്തിയിൽ ഏർപ്പെടുവാൻ ആഗ്രഹിക്കുന്ന ഗ്രൂപ്പുകൾക്ക് നൽകുവാൻ കഴിയുകയും ചെയ്യും. യുവജനങ്ങൾ കാർഷികമേഖലയിൽ നിന്നും വിട്ടു നിൽക്കുന്ന മനോഭാവമാണ് ഇപ്പോൾ ഉള്ളത് അതിന് ഒരു മാറ്റം ഉണ്ടാകുന്നതിനാവശ്യമായ പരിശീലന പരിപാടികളും മറ്റും നടത്തേണ്ടത് അത്യാവശ്യമാണ്. കാർഷിക മേഖലയിലെ തൊഴിലാളി ദൗർലഭ്യവും വിപണന സാധ്യതകളും യുവജനങ്ങളുടെ കടന്നു വരവോടെ ഒരു പരിധി വരെ നമുക്ക് തടഞ്ഞുനിർത്താനാവുന്നതാണ്.<br><br>നമ്മുടെ കാലാവസ്ഥയിലുണ്ടായ വ്യതിയാനം കുറച്ചൊന്നുമല്ല കാർഷികമേഖലയെ ബാധിച്ചിട്ടുള്ളത്. മഴയുടെ അളവ് വളരെ കുറയുകയും കുളങ്ങൾ, തോടുകൾ കിണറുകൾ എന്നീ മാർഗ്ഗങ്ങൾ വഴിയുള്ള ജലം ഇല്ലാതാകുകയും ചെയ്യുന്നതുവഴി കൃഷിയിടങ്ങൾ ഉണങ്ങുകയും കർഷകർക്ക് വളരെയധികം നഷ്ടം സംഭവിക്കുകയും ചെയ്തു. കാലാവസ്ഥാ വ്യതിയാനത്തിന് നമ്മളും ഉത്തരവാദികളാണ് ഇതിന് ഒത്തിരി കാര്യങ്ങൾക്ക് മാറ്റം വരുത്തേണ്ടതായിട്ടുണ്ട്. നിലം നികത്തൽ, മരം മുറിക്കൽ, തരിശിടൽ, മരുഭൂവൽക്കരണം എന്നിവ നിലവിലെ പ്രശ്നങ്ങളാണ്. സബ്സിഡി നിരക്കലിള്ള ആധുനിക കാർഷിക ഉപകരണങ്ങൾ വിതരണം ചെയ്യുകയും അത്യുൽപാദന ശേഷിയുള്ള നടീൽ വസ്തുക്കൾ കൃഷിഭവൻ വഴി വിതരണം ചെയ്യുന്നത്. അർഹരായ എല്ലാ കർഷകർക്കും ലഭ്യമാക്കുകയും ചെയ്യേണ്ടിയിരിക്കുന്നു.<br><br>കർഷകർക്ക് സബ്സിഡി നിരക്കിൽ വിത്ത് വളം കാർഷിക ഉപകരണങ്ങൾ സ്പ്രയർ, പമ്പ്സെറ്റ് മുതലായവ നൽകുന്നത് അവരെ ഒരു |

പ്രദേശം കാലത്തിന്റെ പുരോഗതികൾ ഉൾക്കൊണ്ടുകൊണ്ട് ചെറിയ ഒരു പട്ടണത്തിന്റെ നിലവാരത്തിലേക്ക് ഉയർന്നുവെങ്കിലും ഇത് താൽക്കാലികം മാത്രമാണ്. ഇന്ന് കാർഷിക രംഗത്ത് ഒരു കുതിച്ചു കയറ്റം അനിവാര്യമാണ്. ഗ്രാമത്തിന്റെ അടിസ്ഥാനപരമായ കാർഷികാഭിവൃദ്ധിയിലൂടെയല്ലാതെ രാഷ്ട്രം പുരോഗതിയിലാണെന്ന വാദം ശുദ്ധഭോഷത്തരമാണെന്നോർക്കുക.

കോൾപടവുകളാൽ ചുറ്റപ്പെട്ട ഒരു ചങ്ങലക്ക് മദ്ധ്യേയാണ് അടാട്ട് ഗ്രാമ പഞ്ചായത്ത് പ്രദേശം എന്നു പറയാം. നാലുമുറി, കർത്താണി, പായിപടവ്, പുത്തൻകോൾ, ഒമ്പതുമുറി,ചാത്തൻകോൾ ചിരുകണ്ടത്തുപടവ്, കരിക്കക്കാൾ, ആര്യമ്പാടം, പണ്ടാരക്കോൾ, ചൂരക്കോട്ടുകരപ്പാടം, മുതുവറത്താഴം തുടങ്ങി ഒന്നിനൊന്നു തൊട്ടുകിടക്കുന്ന കോൾപ്പടവുകളും, പാടശേഖരങ്ങളും, വിലങ്ങൻ കുന്ന്, ചെട്ടിക്കുന്ന്, അടാട്ട് കുന്ന് തുടങ്ങിയ കുന്നുകളും, ഇവയുടെ താഴ്വരയും ചേർന്നതാണ് അടാട്ട് ഗ്രാമപഞ്ചായത്ത്.

മിക്ക പ്രദേശങ്ങളും ചെമണ്ണ് നിറഞ്ഞതാണ്. ചുവന്ന മണ്ണിനോട്ടു ചേർന്നുള്ള കരിമണ്ണും വെട്ടുപാറയും, മണലും, എക്കൽമണ്ണും ഉണ്ട്. മണൽ കലർന്ന കളിമണ്ണാണ് കോൾ നിലങ്ങളിലേതു

23.02 ച.കി.മീ. വരുന്ന അടാട്ട് പഞ്ചായത്ത് പ്രദേശം വിശകലനം ചെയ്താൽ 142-82

പരിധി വരെ സഹായിക്കുന്നതാണ് . കർഷകന് ഉൽപാദന ചെലവ് കുറയ്ക്കുന്നതിന് വനിത ലേബർ ബാങ്ക് രൂപികരിക്കൽ മുതലായവയും വളരെ ഉപകാരം ചെയ്യുന്നതാണ്. തടയണകൾ നിർമ്മിച്ച് കാർഷിക വൃത്തിക്ക് വെള്ളം എത്തിക്കുവാൻ സാധിക്കുകയാണെങ്കിൽ നിലവിലുള്ള വിസ്തൃതിയെക്കാൾ കൂടുതൽ കൃഷി ചെയ്യുവാൻ സാധിക്കും. ഹരിതഭവനം പദ്ധതി നടപ്പിലാക്കുന്നതിലൂടെ കൃഷി ലാഭകരമായി ചെയ്യുന്നുവെന്നും ജനങ്ങളെ ബോധ്യപ്പെടുത്താൻ സാധിക്കും. ഹരിതഭവനം പദ്ധതി നടപ്പിലാക്കുക, മട്ടുപ്പാവിൽ പച്ചക്കറികൃഷി നടത്തുവാൻ പ്രോത്സാഹനം നൽകുക, ജൈവപച്ചക്കറികൾ ഇതുമൂലം വീടുകളിൽ തന്നെ ആവശ്യമായ പച്ചക്കറി ഉൽപാദിപ്പിക്കുവാൻ സാധിക്കും. പ്രാദേശിക നെൽകൃഷി വിക ഉൽപ്പന്നങ്ങൾക്ക് വിപണന സൗകര്യവും ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ട്.

| | |
|---|---|
| ഹെക്ടർ– വിരിപ്പ് 242 ഹെ. വിരിപ്പ് മുണ്ടകനും, 1150 ഹെ. പുഞ്ചയും 285 ഹെ, തെങ്ങും, 198 ഹെ, കവുങ്ങും, 50 ഹെ. വാഴയും, 10 ഹെ, മരച്ചീനിയും 20 ഹെ, കുരുമുളകും, 20 ഹെ. കശുമാവും തുടങ്ങി മറ്റ പല കൃഷികളും ചെയ്തുവരുന്നു. ഇതിൽ ഏറിയ പങ്കും നെൽകൃഷിയാണ്. തെങ്ങ്, കവുങ്ങ് തുടങ്ങിയവ കഴിഞ്ഞാൽ പച്ചക്കറി കൃഷിക്കു ഏറെ പ്രാധാന്യം നൽകേണ്ടതുണ്ട്. അടുക്കളത്തോട്ടം പ്രോത്സാഹിപ്പിക്കുകയാണെങ്കിൽ പച്ചക്കറിക്ഷാമം ഒരു പരിധി വരെ പരിഹരിക്കാനാകും. അമിതമായ രാസവസ്തു പ്രയോഗങ്ങളും, കൃത്രിമഹോർമോണുകളും നൽകി കാഴ്ച വളരെ ഭംഗിയും വലിപ്പവുമായി അന്യസം സ്ഥാനങ്ങളിൽ നിന്ന് നമ്മുടെ കെയ്യിലെത്തുന്ന പച്ചക്കറികൾ ഉപയോഗിക്കുന്നവരുടെ ആരോഗ്യത്തെ ക്രമേണ നശിപ്പിക്കുന്നു. ആഴ്ചകളോളം വിഷാംശം നിലനിൽക്കുന്ന കീടനാശിനികളുടെ പ്രയോഗം മൂലം വയലിലെ തവള, മണ്ണിര, പാമ്പ്, മിത്രകീടങ്ങൾ, മത്സ്യം, തുടങ്ങിയവ നശിക്കാനിടയാകുന്നു. കൊയ്ത്തിന് 15 ദിവസം പേലുമില്ലാത്ത നെൽപ്പാടങ്ങളിൽ ബ്രൗൺ ഹോപ്പറിനെതിരെ (ഈച്ചക്കേട്) ഫ്യുറഡാൻ,തൈമെറ്റ് തുടങ്ങിയവ വിതറുന്നതിനാൽ നെല്ലും, വൈക്കോലും വിഷാംശമുള്ളതാകുന്നു.<br><br>കൃഷിയുടെ പ്രസക്തിയെക്കുറിച്ച ചിന്തി ക്കുമ്പോൾ ഇന്നു നമുക്ക് ഏറ്റവും വലിയ പ്രതിസന്ധിയായി നിൽക്കുന്നത് | |

| | |
|---|---|
| കാർഷികാ തൊഴിലാളികളുടെ ദൌർലഭ്യമാണ് . അമിതമായ കൂലിയും പ്രശ്നം സൃഷ്ടിക്കുന്നു. മറ്റു സംസ്ഥാ നങ്ങിൽ നിന്നും ഇതര ജില്ലകളിൽ നിന്നും കാർഷിക തൊഴിലാളികൾ വന്നില്ലെങ്കിൽ നെൽ കൃഷി മാത്രമല്ല മറ്റു കൃഷികളും ചെയ്യാനാവാത്ത സ്ഥിതിവിശേഷമാണ് ഇന്നുള്ളത്.<br><br>കാർഷിക മേഖലയിലും മറ്റ് ഒട്ടുമിക്ക മേഖലകളിലും ഈ പഞ്ചായത്തിലേയും സമീപ പ്രദേശങ്ങളിലെയും കർഷകർക്കും, കർഷകർക്കും ആവശ്യമായ വായ്പാ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിലും, നെല്ല്, തേങ്ങ, അടക്ക എന്നീ കാർഷികോപന്നങ്ങളുടെ സംഭരണ, സംസ്ക്കരണ വിപണന രംഗത്ത് സ്തുത്യർഹമായ സേവനം നടത്തുന്നതിലും അടാട്ട് ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്ക് ചെയ്തുവരുന്ന മഹത്തായ സംഭാവനകൾ ശ്ലാഘനീയമാണ്. കോൾപടവ് മേഖലയിൽ ചാത്തൻകോൾ പൂപ്പിലക്കാട് പടവുകളിൽ മൂന്നു പൂവ്വ് കൃഷി വിജയകരമായി നടത്തിവരുന്നു. പുതിയ തലമുറയെ കൃഷിയിലേക്കാകർഷിക്കുന്നതിനായി കൃഷിക്കും,കർഷകനും, കർഷകത്തൊഴിലാളിക്കും അർഹമായ അംഗീകാരം നൽകേണ്ടതാണ്. | |

# നെൽകൃഷി

| അന്ന് | ഇന്ന് |
|---|---|
| അടാട്ട് ഗ്രാമ പഞ്ചായത്തിന്റെ കാർഷിക മേഖലയിസെല പ്രധാന വിളയാണ് നെൽ കൃഷി 1200 ഹെ. കോൾ കൃഷിയും, 100 ഹെക്ടറിൽ വിരുപ്പ് മുണ്ടകൻ കൃഷിയുമാണ് ചെയ്തു നവന്നിരുന്നത് കാർഷിക യന്ത്രവത്ക്കരണ രംഗത്ത് ട്രാക്ടറും ടില്ലറും മെതി യന്ത്രങ്ങളും മാത്രമാണ് ഉപയോഗിച്ചിരുന്നത്. ഗുണമേൻമയുള്ള നെല്ല് വിത്തുകളുടെ ലഭ്യത താരതമ്യേന കുറവായിരുന്നു അശാസ്ത്രീയമായ കാർഷിക മുറകൾ പ്രയോഗിക്കുക വഴി ഉൽപാദനവും ഉൽപാദന ക്ഷമതയും കുറവായിരുന്നു. വേണ്ടത്ര ഫാം റോഡുകളോ ജലസേചന തോടുകളോ ഇല്ലാത്തത് കൊണ്ട് കൃഷി പരിപാലനം ബുദ്ധിമുട്ടുള്ളതായിരുന്നു, നെല്ലിനു അടിസ്ഥാന വിലയോ കാര്യക്ഷമമായ സംഭരണമോ ഇല്ലാത്തിരുന്നത് കൊണ്ട് നെല്ല് കൃഷി മേഖല പൊതുവിൽ ലാഭകരമായിരുന്നില്ല. | അടാട്ട് ഗ്രാമപഞ്ചായത്തിലെ പ്രധാനമായ കൃഷി നെൽ കൃഷിയാണ്. നെൽ കൃഷി പൂർണ്ണമായും കൂട്ടുകൃഷി സമ്പ്രദായത്തിലൂടെയാണ് നടപ്പിലാക്കുന്നത്. പാടശേഖര സമിതികൾ മുഖേനയാണ് കൂട്ടുകൃഷി നടപ്പാക്കുന്നത്.<br>പമ്പ് / പെട്ടി പറ ഇവ ഉപയോഗിച്ച് കോൾ നിലങ്ങളിലെ വെള്ളം വറ്റിച്ച് കൃഷിയ്ക്ക് ആവശ്യമായ ഭൌതിക സൌകര്യങ്ങൾ ഒരുക്കുന്നത് കോൾപടവ് കമ്മിറ്റികളാണ്. ഇതിനാവശ്യമായ ചിലവുകൾ കണ്ടെത്തുന്നതിന് തിരഞ്ഞെടുക്കപ്പെട്ട കോൾപ്പടവ് കമ്മിറ്റികൾക്ക് നിയമാനുസൃതമായ വായ്പാ സൌകര്യങ്ങൾ അടാട്ട് ഫാർമേഴ്സ് ബാങ്ക് അനുവദിക്കുന്നു. എല്ലാ കർഷകർക്കും ആവശ്യമായ വിത്ത് അംഗീകൃത ഏജൻസികളിൽ നിന്ന് ലഭ്യമാക്കി അടാട്ട് ഫാർമേഴ്സ് ബാങ്കിൻറെ ഗോഡൌണിൽ നിന്ന് തികച്ചും സൗജന്യമായി വിതരണം ചെയ്യുന്നു.<br>നെൽകൃഷി ചെയ്യുന്ന വനിതാകർഷകർക്ക് ഒരു ഹെക്ടറിന് 10000/- രൂപയും, എസ് സി കർഷകർക്ക് ഹെക്ടറിന് 17500/- രൂപയും സബ്സിഡി നൽകുന്നു.<br><br>ഒരു പൂകൃഷിയാണ് ( പുഞ്ച കൃഷി നടപ്പിലാക്കുന്നത്.) ടില്ലർ, ട്രാക്ടർ ഉപയോഗിച്ച് ഉഴുത് തയ്യാറാക്കിയ നിലത്തിൽ നെൽ വിത്ത് അതാത് സാഹചര്യം അനുസരിച്ച് വിതയ്ക്കുകയോ, ഞാറ്റടി തയ്യാറാക്കി നടീൽ നടത്തുകയോ ചെയ്യുന്നു. 120 ദിവസം കാലാവധിയുള്ള ജ്യോതി, ഉമ നെൽവിത്തുകളാണ് സാധാരണയായി ഉപയോഗിക്കുന്നത്. കൃഷി ഓഫീസറുടെ നേതൃത്വത്തിൽ മണ്ണ് പരിശോധിച്ച്, ശുപാർശയനുസരിച്ച് ആവശ്യത്തിന് നീറ്റുകക്ക മണ്ണിൽ ചേർത്താണ് നിലം ഒരുക്കുന്നത്. ആവശ്യമായ സമയങ്ങളിൽ കൃത്യമായ വളപ്രയോഗങ്ങളും, കീടനിയന്ത്രണങ്ങളും, ജലനിയന്ത്രണങ്ങളും നടത്തുകയും ചെയ്യുന്നു. |

| | |
|---|---|
| | വിളവെടുപ്പിന് പാകമായ നെല്ല് കൊയ്ത്ത് യന്ത്രങ്ങൾ ഉപയോഗിച്ച് വിളവെടുപ്പ് നടത്തുന്നു. കർഷകരുടെ ആവശ്യത്തിന് ശേഖരിച്ചതിന് ശേഷം ബാക്കി വരുന്ന നെല്ല് സംസ്ഥാന സർക്കാരിന്റെ സിവിൽ സപ്ലൈസ് സംവിധാനം വഴി കർഷകർ വിപണനം ചെയ്യുകയും ആയതിന് സർക്കാർ നിശ്ചയിച്ചിട്ടുള്ള വില കർഷകരുടെ ബാങ്ക് അകൗണ്ടിലേക്ക് ലഭിക്കുകയും ചെയ്യുന്ന ഒരു ഏക്കർ നിലവിൽ നിന്ന് ഏകദേശം 25 ക്വിന്റൽ മുതൽ 31 ക്വിന്റൽ വരെ നെല്ല് കർഷകർക്ക് വിളയായി ലഭിക്കുന്നുണ്ട്. |

പാടശേഖര സമിതി വിവരങ്ങൾ

| ക്രമ | പാടശേഖരത്തിന്റെ പേര് | അന്ന് | | ഇന്ന് | |
|---|---|---|---|---|---|
| | | വിസ്തീർണ്ണം ഹെക്ടറിൽ | കർഷകരുടെ എണ്ണം | വിസ്തീർണ്ണം ഹെക്ടറിൽ | കർഷകരുടെ എണ്ണം |
| 1 | നാല് മുറി കോൾ പടവ് | 400 | 251 | 150 | 142 |
| 2 | കുരുടാൻ ആക്കറ്റാൻ | ------- | ---- | 250 | 180 |
| 3 | പായ് കോൾ പടവ് | 110 | 185 | 110 | 146 |
| 4 | പണ്ടാര കോൾ പടവ് | 40 | 96 | 40 | 87 |
| 5 | കടവിൽ കോൾ പടവ് | 42 | 122 | 40 | 104 |
| 6 | തിരുത്തിൻ താഴം കോൾ പടവ് | 40 | 104 | 40 | 96 |
| 7 | ചിരുകണ്ടത്ത് കോൾ പടവ് | 70 | 132 | 65 | 121 |
| 8 | പുള്ളർ കരിക്കകോൾ പടവ് | 40 | 95 | 40 | 85 |
| 9 | പുത്തൻകോൾ | 116.8 | 287 | 116.8 | 272 |
| 10 | ചൂരക്കാട്ടുകര കോൾ പടവ് | 103.79 | 342 | 99 | 322 |
| 11 | ഒമ്പതുമുറി കോൾ പടവ് | 35 | 75 | 35 | 63 |

| | | | | | |
|---|---|---|---|---|---|
| 12 | ചാത്തൻ കോൾ പടവ് | 150 | 552 | 145 | 500 |
| 13 | കറുത്താണി കോൾ പടവ് | 178.05 | 260 | 170 | 241 |
| ആകെ | | 1325.64 | 2501 | 1300.8 | 2359 |

## കൃഷികളുടെ പേരും പട്ടികയും

| ക്രമ ന | വിള | വിസ്തീർണ്ണം ഹെക്ടർ | | മൊത്തം ഉത്പാദനം ടൺ | | ഉത്പാദന ക്ഷമത ഹെക്ടറിൽ | |
|---|---|---|---|---|---|---|---|
| | | അന്ന് | ഇന്ന് | അന്ന് | ഇന്ന് | അന്ന് | ഇന്ന് |
| 1 | നെല്ല് | 1550 | 1100 | 6200 | 7150 | 4 t/h | 6.5 t/h |
| 2 | നാളികേരം | 220 | 300 | 1600000(nos) | 2200000(nos) | 72.22 nos/h | 73.33 nos/h |
| 3 | അടയ്ക്ക | 400 | 100 | 920 | 200 | 2.3 t/h | 2 t/h |
| 4 | കുരുമുളക് | -- | 23 | --- | 101.2 | --- | 4.4 |
| 5 | മരച്ചീനി | --- | 10 | --- | 300 | --- | 30 |
| 6 | കശുവണ്ടി | 100 | 10 | --- | 55 | --- | 5.5 |
| 7 | ജാതിക്ക | --- | 5 | --- | 23.5 | --- | 4.7 |
| 8 | നേന്ത്ര വാഴ | --- | 10 | --- | 450 | --- | 45 |
| 9 | മറ്റു വാഴകൾ | --- | 40 | --- | 1200 | --- | 30 |
| 10 | പച്ചക്കറി | --- | 5 | --- | 25 | --- | 5 |

## തെങ്ങ്

| അന്ന് | ഇന്ന് |
|---|---|
| പഞ്ചായത്തിലെ 220 ഹെക്ടർ സ്ഥലത്ത് തെങ്ങ് കൃഷി ചെയ്തിരുന്നു . വയലിനോടു ചേർന്ന കരഭൂമിയിലും , ചെരിവുള്ള പ്രദേശങ്ങളിലുമാണ് അന്ന് | നിലവിൽ 300 ഹെക്ടർ സ്ഥലത്താണ് തെങ്ങ് കൃഷി ചെയ്യുന്നത്. നമ്മുടെ നാട്ടിൽ ഏറ്റവും കൂടുതൽ ഉത്പാദിപ്പിക്കുന്ന കാർഷിക വിളയാണ് നാളികേരം. തെങ്ങ് അനേക വർഷം നില നിൽക്കുന്ന വിളയാണ്. വിവിധ തരം മണ്ണും കാലാവസ്ഥയുമുള്ള പ്രദേശങ്ങളിൽ തെങ്ങ് വളരുന്നു. |

| | |
|---|---|
| വ്യാപകമായി തെങ്ങ് കൃഷി ചെയ്തിരുന്നത് . അതുപോലെ തന്നെ ചില സ്ഥലങ്ങളിൽ നെല്പാടങ്ങൾ നികത്തി തെങ്ങുകൃഷി ചെയ്തു വരുന്നുണ്ടായിരുന്നു . | വർഷത്തിൽ പരക്കെ ലഭിക്കുന്ന മഴയാണ് തെങ്ങിന്റെ ശരിയായ വളർച്ചക്കും , പരമാവധി ഉത്പാദത്തിനും ഉത്തമം.<br><br>കഴിഞ്ഞ കാലങ്ങളിൽ നിന്നും വ്യത്യസ്ഥമായി ഗുണമേന്മയുള്ള തൈകൾ ആണ് ഇപ്പോൾ കർഷകർ നടാൻ ഉപയോഗിക്കുന്നത് . അത് കൊണ്ട് തന്നെ തേങ്ങയുടെ ഉത്പാദന ക്ഷമത കഴിഞ്ഞ കാലങ്ങളിൽ നിന്നും വർദ്ധിക്കുന്നതിന് ഇടയായിട്ടുണ്ട് . മാത്രമല്ല മുൻ കാലങ്ങളിൽ വീടിനോട് ചേർന്ന പുരയിടങ്ങളിൽ മാത്രമാണ് തെങ്ങ് കൃഷിക്ക് ജലസേചനം നടത്തിയിരുന്നത്. എന്നാൽ ഇന്ന് തുറസ്സായ കിണറുകളിലെയും , കുളങ്ങളിലേയും , ജല ലഭ്യത കുറഞ്ഞിട്ടുണ്ട് എങ്കിലും ഭൂരിഭാഗം കർഷകരും കുഴൽ കിണർ നിർമിച്ച് ജലസേചനം നടത്തുന്നത് ഉത്പാദന ക്ഷമത വർദ്ധിപ്പിക്കാൻ ഇടയായിട്ടുണ്ട് . പരീക്ഷണാടിസ്ഥാനത്തിൽ പല കർഷകരും ചെറിയ തോതിൽ ഉയരം കുറഞ്ഞ വിഭാഗത്തിൽ പെടുന്ന കുള്ളൻ ഇനത്തിൽപ്പെട്ട തൈകൾ നടുന്നത് ശീലമാക്കിയിട്ടുണ്ട് . വരും കാലങ്ങളിൽ തെങ്ങിൻ തൈകൾ നടുമ്പോഴും വിതരണം ചെയ്യുമ്പോഴും ഇളനീർ ഉപയോഗത്തിന് പറ്റിയ തരം തൈകൾ കൂടി പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്. തെങ്ങ് കൃഷി വികസനത്തിനുവേണ്ടി നിരവധി പദ്ധതികളാണ് പഞ്ചായത്ത് നടത്തിവരുന്നത്. ഇത് പരമാവധി ഉപയോഗിക്കാൻ കർഷകർക്ക് കഴിയേണ്ടതുണ്ട്.<br><br>സങ്കരയിനം തെങ്ങിൻ തൈകൾ ഉൾപെട്ടിട്ടുള്ള തെങ്ങിൻ തോട്ടങ്ങൾ നിലവിൽ നിലനിൽക്കുന്നു. തെങ്ങിന് ജൈവ വളത്തിന് സബ് സീഡി അനുവദിക്കുന്ന പഞ്ചായത്ത് പദ്ധതി കർഷകർക്ക് ഒരു കൈതാങ്ങാണ്. നിലവിലെ സാഹചര്യത്തിൽ സർക്കാർ താങ്ങ് വിലയും നാളികേര സംഭരണവും സമയ ബന്ധിതമായി നടപ്പിലാക്കേണ്ടതുണ്ട് .<br>35 ഹെക്ടർ തെങ്ങ്കൃഷിക്ക് ജൈവവളം സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നു. |
| | |

| കിഴങ്ങ് വർഗ്ഗങ്ങൾ | |
|---|---|
| അന്ന് | ഇന്ന് |
| | കിഴങ്ങ് വർഗ്ഗങ്ങളുടെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് വനിതാ കർഷകർക്ക് സൗജന്യമായി കിഴങ്ങ് വർഗ്ഗങ്ങളുടെ കിറ്റ് വിതരണം ചെയ്യുന്നു. |

| കവുങ്ങ് | |
|---|---|
| അന്ന് | ഇന്ന് |
| 400 ഹെകടർ സ്ഥലത്താണ് കവുങ്ങ് കൃഷി ചെയ്തിരുന്നത് . അന്ന് 20 കൊല്ലത്തിനിടയിൽ കൂടുതൽ കർഷകർ ഈ രംഗത്തേക്ക് വ്യാപകമായി വന്നത് . കൂടുതലായും അത്യുല്പാതന ശേഷിയുള്ള മംഗള. സുമംഗള കാസർകോടൻ,മോഹിത്ത് നഗർ ഇനങ്ങളാണ് കൃഷി ചെയ്തിരുന്നത്. | 100ഹെക്ടർ സ്ഥലത്ത് കവുങ്ങ് കൃഷി ചെയ്തു വരുന്നു . അടുത്ത കാലത്ത് പാടങ്ങളിൽ പലതിലും കവുങ്ങ് കൃഷി ആരംഭിച്ചതും വിസ്തീർണം കൂടാൻ ഇടയായിട്ടുണ്ട് .<br><br>അത്യുത്പാദന ശേഷിയുള്ള മംഗള , സുമംഗള എന്നീ ഇനങ്ങൾ ആയിരുന്നു മുൻപ് പലരും കൃഷി ചെയ്തിരുന്നത്. എന്നാൽ ഈ ഇനങ്ങൾ ദീർഘകാല ആദായത്തിന് ഗുണകരമല്ല എന്ന തിരിച്ചറിവിൻറെ അടിസ്ഥാനത്തിൽ ഭൂരിഭാഗം കർഷകരും ഈ ഇനം നടാൻ ഉപയോഗിക്കുന്നില്ല . പകരമായി അതുല്പാദന ശേഷിയുള്ള മോഹിത് നഗർ , കാസർകോടൻ എന്നീ ഇനങ്ങളാണ് കൃഷി ചെയ്തു വരുന്നത് . ഉത്പാദനം കൂടുന്നതിനോടൊപ്പം തന്നെ ഗുണമേന്മയുള്ള ഇനങ്ങളാണ് ഇവ എന്നത് കർഷകരെ ഇത്തരം ഒരു കൃഷിരീതി സ്വീകരിക്കുന്നതിനായി പ്രേരിപ്പിക്കുന്നു. |

| കശുമാവ് | |
|---|---|
| അന്ന് | ഇന്ന് |

| | |
|---|---|
| 100 ഹെക്ടർ സ്ഥലത്ത് കശുമാവ് കൃഷി ചെയ്യുന്നു .വ്യവസയികടിസ്ഥാനത്തിൽ കൃഷി കുറവായിരുന്നു . | നിലവിൽ 10 ഹെക്ടർ ഭൂമിയിൽ മാത്രമേ കശുമാവ് കൃഷി നിലനില്ക്കുന്നുള്ളൂ. കൂടുതൽ ലാഭകരമായ നാണ്യവിളകൾ ചെയ്യുവാൻ വേണ്ടി കശുമാവ് കൃഷി ഉപേക്ഷിക്കുന്ന അവസ്ഥ നിലവിലുണ്ട് . പ്രാദേശികമായി സംഭരണം , സംസ്കരണം എന്നിവ പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്. ഇതിനായി മറ്റ് കൃഷികളെ പോലെ തന്നെ പദ്ധതികൾ വഴി ആനുകൂല്യങ്ങൾ നൽകേണ്ടതാണ്. |

| വാഴ | |
|---|---|
| അന്ന് | ഇന്ന് |
| ഏകദേശം 70 ഹെക്ട്ടർ സ്ഥലത്ത് വാഴ കൃഷി ചെയ്തിരുന്നു . പ്രധാനാമായും നേന്ത്രൻ, പൂവ്വൻ,കന്തളി , മൈസൂർ പൂവ്വൻ, തുടങ്ങിയവ വ്യവസായിക അടിസ്ഥാനത്തിലും വീട്ടുകളിലും കൃഷി ചെയ്തു വരുന്നു . | വാഴ കൃഷി 50 ഹെക്ടറിൽ ചെയ്തു വരുന്നു . അടാട്ട് മേഖലയിലെ ചങ്ങാലിക്കോടൻ ഇനത്തിൽപ്പെട്ട നേന്ത്രവാഴ കുലകൾ സംസ്ഥാനത്തുതന്നെ പേരുകേട്ടിട്ടുള്ളതാണ്. പഞ്ചായത്ത് തലത്തിൽ ആരംഭിക്കേണ്ടത് നേന്ത്രവാഴ കർഷകർക്ക് സ്ഥിരം ന്യായവില ലഭിക്കുന്നതിന് ആവശ്യമാണ്. |

| പച്ചക്കറികൾ | |
|---|---|
| അന്ന് | ഇന്ന് |
| 50 ഹെകടർ സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്തു വന്നിരുന്നു . പാവൽ . കുമ്പളം , വെള്ളരി , മത്തൻ , പയർ , വെണ്ട , | നിലവിൽ 5 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്തു വരുന്നു . സംസ്ഥാന സർക്കാരിന്റെ പച്ചക്കറി കൃഷി മേഖലയിലെ പദ്ധതികൾ കൃഷി ഭവൻ വഴി നടപ്പിലാക്കി വരുന്നുണ്ട്, വീട്ടുകളിൽ |

| | |
|---|---|
| പടവലം , ചീര എന്നിവ വ്യാപകമായ തോതിൽ കൃഷി ചെയ്തിരുന്നു . | അടുക്കളത്തോടമായി ജൈവകൃഷി രീതിയാണ് കൂടുതലും അവലംബിക്കുന്നത്. |

| മൃഗസംരക്ഷണം | |
|---|---|
| അന്ന് | ഇന്ന് |
| കേരളത്തിൽ മൃഗസംരക്ഷണ രംഗത്ത് പ്രത്യേകിച്ച് പാലിന്റെ ഉല്പാദനത്തിലും, ഉപഭോഗത്തിലും വലിയ വളർച്ച കൈവരിച്ചിട്ടുണ്ട്. കുറ്റമറ്റ സാങ്കേതിക വിദ്യയുടെ സഹായത്തോടെ കന്നുകാലികളുടെ വംശവർധനവും, ജനിതക ഗുണമേന്മ വർദ്ധനവു ഉല്പാദനക്ഷമത വർദ്ധനവും സാധ്യമാക്കാൻ നമുക്കു കഴിഞ്ഞു. കന്നുകാലികളിലേക്ക് ജനിതക സ്വഭാവം പകരുന്നതിൽ നാം ഏറെക്കുറെ വിജയിച്ചെങ്കിലും അവയ്ക്കു വേണ്ടത്ര തീറ്റ നൽകാൻ നമുക്കു കഴിയുന്നില്ല. കാലിത്തീറ്റ ഘടകങ്ങൾ ഭൂരിഭാഗവും അയൽ സംസ്ഥാനങ്ങളിൽ നിന്നും കൊണ്ടു വരുന്നവയാണ്.<br><br>കോഴിയിറച്ചിയുടെയും കോഴിമുട്ടയുടേയും, ആഭ്യന്തര ഉപയോഗം വർദ്ധിച്ചിട്ടുണ്ടെങ്കിലും ആ വശ്യത്തിലധിഷ്ഠിതമായ ആഭ്യന്തര ഉല്പാദനം ഇനിയും സാധിതപ്രായമായിട്ടില്ല. മാംസത്തിന്റെ ആവശ്യം അനുദിനം വർദ്ധിച്ചുവരികയാണ്. 200 മാംസോൽപാദന സംസ്കരണ വിപണനമാകട്ടെ അസംഘടിത മേഖലയിലും കേരളത്തിൽ ആവശ്യമായതിന്റെ 90% വരെ അന്യസംസ്ഥാനങ്ങളിൽ നിന്നാ വരുന്നത്. സ്വയം | മൃഗ സംരക്ഷണ മേഖലയിൽ പ്രധാനമായും വളർത്തു മൃഗങ്ങളും, വളർത്തു പക്ഷികളുമാണ് ഉൾപ്പെട്ടിരിക്കുന്നത്. മൃഗ സംരക്ഷണ മേഖലയെ കുറിച്ചുള്ള പഠനങ്ങളിൽ വളർത്തു മൃഗങ്ങൾ, വളർത്തു പക്ഷികൾ, പാൽ ഉല്പ്പാദനം, കാലി തീറ്റ ഉല്പ്പാദനം, ചികിത്സാ സൌകര്യം തുടങ്ങിയ പശ്ചാത്തല സൌകര്യങ്ങൾ, വിപണന സൌകര്യങ്ങൾ എന്നിവയെ കുറിച്ചുള്ള വിശകലനങ്ങളാണ് ഉൾപ്പെടുന്നത്.<br><br>നിലവിൽ പുറനാട്ടുകര 11–ാം വാർഡിൽ വെറ്റിനറി സെൻററും, 2–ാം വാർഡ് ചിറ്റിലപ്പിള്ളിയിൽ വെറ്റിനറി സബ്സെൻററും, പ്രവർത്തിച്ചു വരുന്നുണ്ട്.<br><br>മൃഗസംരക്ഷണം – നിലവിലെ സ്ഥിതി<br><br>പഞ്ചായത്തിൻറെ 50 ശതമാനത്തിലധികം കാർഷിക ഭൂമിയുള്ള അടാട്ട് കാർഷിക മേഖല പോലെ തന്നെ സാമ്പത്തിക നില ഉയർത്താൻ ഉതകുന്ന ഒരു മേഖലയാണ് മൃഗ സംരക്ഷണ മേഖല. കാർഷിക പ്രവർത്തനങ്ങളോടനുബന്ധിച്ചുള്ള മേഖലയാണ് മൃഗ സംരക്ഷണ മേഖല എന്ന നിലയ്ക്ക് കാർഷിക മേഖലയ്ക്ക് പ്രാധാന്യമുള്ള പ്രദേശങ്ങളിൽ മൃഗസംരക്ഷണ മേഖലയ്ക്ക് സാധ്യതയുണ്ടാകും. അടാട്ടിലെ മുട്ട, മാംസോത്പാദനം എന്നിവ ഇവിടത്തെ ആവശ്യത്തിന് ഉതകുന്നുണ്ട്. |

പര്യാപ്തതക്കുതകുന്ന പദ്ധതികൾ ആസൂത്രണം ചെയ്യുന്ന പക്ഷം അന്യസംസ്ഥാനങ്ങളിലേക്ക് ഒഴുകുന്ന സമ്പത്ത് ഗ്രാമീണ ഉൽപാദകന്റെ കൈകളിലെത്തിച്ചേരും. പാലിന്റെയും മുട്ടയുടേയും, മറ്റും പ്രത്യേകത, അത് ഹ്രസ്വകാലാ അടിസ്ഥാനത്തിൽ ചുരുങ്ങിയ മൂലധനനിക്ഷേപം കൊണ്ട് കൂടുതൽ സമ്പദ് വർദ്ധനവിനുള്ള സാഹചര്യം ഉണ്ടാക്കുന്നു എന്നുള്ളതാണ്. ഈ മേഖലയുടെ സാധ്യതകളെ ചൂഷണം ചെയ്യുവാൻ കഴിഞ്ഞ പഞ്ചവത്സര പദ്ധതികൾക്കൊന്നും കഴിഞ്ഞിട്ടില്ല

കന്നുകാലി സമ്പത്തിന്റെ 94%വും ഗ്രാമപഞ്ചായത്തിലെ പ്രദേശങ്ങളിലാണ്. കന്നുകാലിയുടമകളിൽ ഭൂരിപക്ഷവും, ചെറുകിട കർഷകരും കർഷകതൊഴിലാളികളുമാണ്. മൃഗസംരക്ഷണ മേഖല എന്നുവെച്ചാൽ പാലുല്പാദനം അല്ലെങ്കിൽ മുട്ടയുല്പാദനം മാത്ര മാണെന്ന ധാരണ നമ്മുടെ ഇടയിലുണ്ട്. എന്നാൽ ഈ രംഗത്തെ മറ്റു മേഖലകൾ മാംസാൽപാദനം, തുകൽ, എല്ല്, ജെലാറ്റിൻ, ഓസീൻ, കൊഴുപ്പ് എന്നിവയുടെ ഉല്പാദനം, വാക്സിൻ, ഹോർമോൺ, എൻസൈമുകൾ എന്നിവയുടെ ഉല്പാദനം, കാർഷിക മേഖലയ്ക്ക് ആവശ്യമായ ജൈവവളം, ബയോഗ്യാസ്, വെറുതെ പാഴായി പോകുന്ന മനുഷ്യ വിഭവശേഷി പ്രയോജനപ്പെടുത്തൽ എന്നിവയാണ്. ഇവയുടെ പ്രാധാന്യം നാം വിസ്മരിച്ചുകൂടാ

പഞ്ചായത്തിലെ മൃഗസംരക്ഷണ മേഖല വളർത്തുമൃഗങ്ങളായ പശു, കാള, എരുമ, പോത്ത്, കോലാട്, പന്നികൾ, കോഴികൾ എന്നിവ യെ അടാട്ട് ഗ്രാമപഞ്ചായത്തിൽ പശു, കാള, ആട്, കോഴി, താറാവ്, പന്നി, ടർക്കി

അടാട്ട് ഗ്രാമപഞ്ചായത്തിലെ വളർത്തുമൃഗങ്ങളുടെ എണ്ണം തുടങ്ങിയ മൃഗങ്ങളേയും പക്ഷിലതാദികളേയുമാണ് വളർത്തുന്നത്, കൂടാതെ മയിൽ, കാട എന്നിവ ചെറിയ തോതിൽ ഇവിടെ വളർത്തുന്നുണ്ട്. പ എരുമ എന്നിവയാണ് കന്നുകാലികൾ വിഭാഗത്തിൽ ഉൾപ്പെടുന്നത്.

അടാട്ട് ഗ്രാമപഞ്ചായത്തിൽ ഏറ്റവും കൂടുതൽ വളർത്തുമൃഗങ്ങളുടെ വിഭാഗത്തിൽ പരിപാലിക്കപ്പെടുന്നത് കോഴികളാണെന്ന് കാണാം. അത് കഴിഞ്ഞുള്ള സ്ഥാനമാണ് ആട്, കന്നുകാലികൾ എന്നിവയെന്നും, എണ്ണത്തിൻറെ കാര്യത്തിൽ കോഴികളുടെ എണ്ണത്തേക്കാൾ ഇവ വളരെ കുറവാണെന്നും കാണാം. ഏറ്റവും കുറവ് എണ്ണം ടർക്കി, പന്നി എന്നീ വിഭാഗങ്ങളിലെ വളർത്തുമൃഗങ്ങളാണെന്നും കാണാം.

2015 കാനേഷുമാരി പ്രകാരമുള്ള വളർത്തുമൃഗങ്ങളുടെ എണ്ണത്തിൽ വീടുകളിൽ വളർത്തുന്നവ കൂടാതെ ശ്രീ രാമകൃഷ്ണ മഠം, ശ്രീ ശാരദാ മഠം എന്നീ സ്കൂളുകളിൽ പരിപാലിക്കപ്പെടുന്ന വളർത്തുമൃഗങ്ങളുടെ എണ്ണവും ഉൾപ്പെടുന്നു.

വാർഡ് – 8 ആമ്പക്കാടിൽ പുഴയ്ക്കൽ പ്രദേശത്തിനടുത്ത്, വാർഡ് 13 – മൂർപ്പാ എന്നീ പ്രദേശങ്ങളിൽ ജനവാസമുള്ള സ്ഥലങ്ങളിൽ നിന്ന് അകലെയായി ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കാത്ത രണ്ട് പ്രദേശങ്ങളിൽ ആണ് പന്നി വളർത്തൽ ഉള്ളത്.

| | |
|---|---|
| പണ്ടുകാലം മുതൽ ഈ പ്രദേശങ്ങളിൽ വ ഉർത്തിയിരുന്നു. കൃഷിക്കും, ഉഴവാനും വണ്ടി വലിനുമായി കാള, എരുമ, പോത്ത് തുടങ്ങിയവയെ ഉപയോഗിച്ചിരുന്നു. ആധുനിക കൃഷി സമ്പ ദായത്തിൽ വന്ന അമിതമായ രാസവള പ്രയോഗവും, കീടനാശിനി പ്രയോഗവും, നാട്ടിലെ മൃഗങ്ങൾക്കും ആരോഗ്യ പ്രശ്നങ്ങളുണ്ടാക്കുന്നുണ്ട് എന്നതിന് ഉദാഹരണമാണ് കുറച്ചുകാലം മുമ്പ് പടർന്നുപിടിച്ച് കന്നുകാലികളുടെ വാലുചീയൽ രോഗം. ഉയർന്ന തോതിലുള്ള നഗരവൽക്കരണം, പച്ച പുല്ലിന്റെ ദൗർലഭ്യം, മേച്ചിൽ സ്ഥലങ്ങളുടെ കുറവ്, വൈക്കോലിന്റെയും കാലിത്തീറ്റയുടേയും വില കൂടുതൽ തുടങ്ങിയവ ഇന്നത്തെ പ്രശ്നങ്ങളാണ്. കഴിഞ്ഞ രണ്ടു ദശാബ്ദകാലത്തു മാത്രമാണ് പാലുല്പാദനരംഗത്ത് വളർച്ച കണ്ടുതുടങ്ങിയത്. കൂടുതൽ പാലുല്പാദനശേഷിയുള്ള സങ്കരവർഗ്ഗം പശുക്കളുടെ ആവിർഭാവവും സഹകരണരംഗത്തു ഉള്ള വിതരണവും ഈ രംഗത്ത് ഉണർവ്വ് നൽകിയിട്ടുണ്ട്. കഴിഞ്ഞ കുറെ വർഷങ്ങളായി ബ്രോയിലർ കോഴികളെ വളർത്തുന്ന ചെറിയ കേന്ദ്രങ്ങൾ പഞ്ചായത്തിൽ വളർന്നു വന്നിട്ടുണ്ട്. പന്നി വളർത്തൽ മേഖലയിലും ചെറിയ ഉണർവ്വ് വന്നിട്ടുണ്ട്. പ്രത്യകിച്ച് യുവജനങ്ങൾ ലാഭസാധ്യത മനസ്സിലാക്കി ഈ രംഗത്തേക്ക് കൂടുതലായി കടന്നു വരുന്നുണ്ട്. അടുക്കള മുറ്റത്തെ കോഴി വളർത്തലിൽ പ്രത്യേകിച്ചും സ്ത്രീകൾ താല്പര്യം കാണിയ്ക്കുന്നു. ഗിരിരാജ,ആസ്ട്രോലൈറ്റ് എന്നി ഇനങ്ങളോടാണ് കൂടുതൽ താല്പര്യം. | അടാട്ട് പഞ്ചായത്തിൽ ഏറ്റവും കൂടുതൽ വളർത്തുന്നത് കോഴിയാണ് 74.1% , ആട് വളർത്തൽ ) രണ്ടാം സ്ഥാനത്താണ്. കന്നുകാലികൾ 9.77 ശതമാനം ഉണ്ട്. ആകെ വളർത്തു മഗങ്ങളിൽ പാലുത്പാദന മൃഗങ്ങളായ ആട്, പശു എന്നിവ ആകെ മൊത്തം 21 ശതമാനത്തോളം ഉണ്ട്. |

# വിദ്യാഭ്യാസം

| അന്ന് | ഇന്ന് |
|---|---|

**അന്ന്**

വിദ്യാഭ്യാസ മേഖല – ചരിത്രം

1985 – ൽ കൊച്ചി രാജകുടുംബത്തിലെ ഒരു മുതിർന്ന അംഗമായ ശ്രീ. അപ്പൻ തമ്പുരാൻ പ്രദേശത്തെ ഹിന്ദു സമുദായത്തിന്റെ ഉന്നമനത്തിനു വേണ്ടി “വിവേകോദയം സമാജം" – ത്തിനു രൂപം നൽകുകയും സമാജത്തിൻറെ അംഗവും വക്കീലുമായിരുന്ന ശ്രീ. കൃഷ്ണമേനോനെ സംഘടനയുടെ “വിവേകോദയം ഹൈസ്കൂൾ – ൻറെ ഹെഡ്മാസ്റ്ററായി നിയമിക്കുകയും ചെയ്തു.

1920 – ൽ ചെമ്മങ്ങാട്ടു വളപ്പിൽ അപ്പൻ എഴുത്തച്ഛൻ എന്നറിയപ്പെടുന്ന കിട്ടു

**ഇന്ന്**

| വാർഡ് | വാർഡിന്റെ പേര് | വിദ്യാഭ്യാസ സ്ഥാപനങ്ങൾ | എണ്ണം | വിദ്യാർത്ഥികളുടെ എണ്ണം | ടീച്ചർമാരുടെ എണ്ണം |
|---|---|---|---|---|---|
| 1 | ചിറ്റിലപ്പിള്ളി പടിഞ്ഞാറ്റുമുറി | അങ്കണവാടി<br><br>വിമൽറാണി നേഴ്സറി സ്കൂൾ | 1<br><br>1 | 12<br><br>35 | 1 |
| 2 | ചിറ്റിലപ്പിള്ളി കിഴക്കുമുറി | അങ്കണവാടി<br><br>വി.വി.എസ് ചിറ്റിലപ്പിള്ളി | 2<br><br>1 | 22<br><br>70 | 1<br><br>7 |

എഴുത്തച്ഛൻ സ്വന്തം വീട്ടിലെ കയ്യാലപ്പുരയിൽ ആണ് ചൂരക്കാട്ടുകര ഗവൺമെന്റ് യു.പി. സ്കൂൾ ആരംഭിച്ചത്. പിന്നീട് 1921 – ൽ ഇന്ന് സ്ഥിതി ചെയ്യുന്ന സ്ഥലത്തേക്ക് കെട്ടിടം പണിതു മാറ്റി സ്ഥാപിച്ചു. 1920 – ൽ സ്ഥാപിക്കപ്പെട്ട അടാട്ട് ഗവൺമെൻറ് ലോവർ പ്രൈമറി സ്കൂൾ ആണ് ഈ പഞ്ചായത്തിൽ രണ്ടാമതായി രൂപം കൊണ്ട വിദ്യാലയം. പുറനാട്ടുകര കേന്ദ്രമാക്കി ഹരിജനോദ്ധാരണ പ്രവർത്തനം തൃശ്ശൂരിലെ ഹരിജനങ്ങളുടെ ഉദ്ധാരണത്തിനായി ശ്രീ. കൃഷ്ണൻ മേനോൻ സമാരംഭിച്ചു. ഇതിനോടനുബന്ധിച്ച് 1927 – ൽ ശ്രീ. കൃഷ്ണൻ മേനോൻ വേട്ടുവ സമുദായത്തിലെ രണ്ടു ബാലികമാരെ പ്രവേശിപ്പിച്ചുകൊണ്ട് പുറനാട്ടുകരയിൽ ശ്രീ. രാമകൃഷ്ണ ഗുരുകുലം ആരംഭിച്ചു. തുടർന്ന് ഹരിജനങ്ങളായ ആൺകുട്ടികളും, പിന്നീട് നമ്പൂതിരി സമുദായത്തിൽ നിന്നുള്ള ആൺകുട്ടികളും ഗുരുകുലത്തിൽ ചേർന്നു. അങ്ങിനെ 1927 ജൂൺ 1 – ന് പുറനാട്ടുകരയിൽ ആൺകുട്ടികൾക്കുവേണ്ടി ഗുരുകുല വിദ്യാമന്ദിരവും, പെൺകുട്ടികൾക്കുവേണ്ടി മാതൃമന്ദിരവും, സ്ഥാപിതമായി. ഒന്നും രണ്ടും ക്ലാസ്സുകളായി ആരംഭിച്ച ഗുരുകുല

| | | | | | |
|---|---|---|---|---|---|
| | | ഐ.ഇ.എസ് പബ്ലിക്ക് സ്കൂൾ | 1 | 2147 | 95 |
| 3 | ചിറ്റിലപ്പിള്ളി ഗ്രൗണ്ട് | അങ്കണവാടി | 2 | 35 | 1 |
| 4 | കണ്ണിക്കുളം | അങ്കണവാടി | 1 | 10 | 1 |
| 5 | ചൂരക്കാട്ടുകര | അങ്കണവാടി | 2 | 28 | 1 |
| 6 | രാമൻചിറ | അങ്കണവാടി | 2 | 16 | 1 |
| | | ഗവ.യു പി സ്കൂൾ ചൂരക്കാട്ടുകര | 1 | 36 | 8 |
| 7 | മുതുവറ | അങ്കണവാടി | 1 | 10 | 1 |
| 8 | ആമ്പക്കാട് | അങ്കണവാടി | 2 | 22 | 1 |
| | | സെന്റ് മേരീസ് എച്ച്.എഫ്.സി നഴ്സറി സ്കൂൾ | 1 | 101 | |
| | | സെന്റ് മേരീസ് എച്ച്.എഫ്.സി യു പി സ്കൂൾ | 1 | 477 | 18 |

വിദ്യാമന്ദിരം ഇന്ന്

രണ്ടായിരത്തിലധികം വിദ്യാർത്ഥികൾ പഠിക്കുന്ന ഹയർ സെക്കൻഡറി സ്കൂളാണ്. 1931 – ൽ ആണ് ഈ സ്കൂൾ അപ്പർ പ്രൈമറി ആയത്. പിന്നീട് 1932 – ൽ ഹൈസ്കൂൾ ആയി ഉയർത്തുകയും ചെയ്തു. എന്നാൽ 1940 മുതലാണ് എസ്.എസ്.എൽ.സി. സെൻറർ അനുവദിച്ചത്. അതിനുശേഷം 1998 ഹയർസെക്കണ്ടറിയും അനുവദിക്കപ്പെട്ടു.സംസ്കൃതഭാഷ ജനങ്ങളിലേയ്ക്കെത്തിക്കുവാൻ ശ്രീ. രാമകൃഷ്ണ ഉരുകുല വിദ്യാമന്ദിരം, കേന്ദ്രീയ സംസ്കൃത വിദ്യാപീഠം എന്നീ സ്ഥാപനങ്ങളുടെ പങ്ക് വലുതാണ്. വളരെ

മഹാത്മാഗാന്ധി 1934 ജനുവരി 16 – ന് ഹരിജനോദ്ധാരണ പ്രവർത്തനത്തിൻറെ ഭാഗമായി അടാട്ടിലുള്ള ആശ്രമം സന്ദർശിച്ചിരുന്നു. അന്ന് ഗാന്ധിജി താമസിച്ച സ്കൂൾ കെട്ടിടമായ “ആനന്ദകുടീരം* 2002 – ലെ സ്കൂളിൻറെ പ്ലാറ്റിനം ജൂബിലിയോടനുബന്ധിച്ച് പൂർവ്വവിദ്യാർത്ഥി സംഘത്തിൻറെ സഹായത്തോടെ "ഗാന്ധി സ്മൃതി' എന്ന സ്കൂൾ കെട്ടിടമായി നവീകരിച്ചു.

1948 ൽ 15 അന്തേവാസികളോടുകൂടി

| | | | | | |
|---|---|---|---|---|---|
| 10 | വിലങ്ങൻ | അങ്കണവാടി | 2 | 28 | 1 |
| | | മേരി റാണി നേഴ്സറി സ്കൂൾ | 1 | 125 | |
| | | മേരി റാണി ഇംഗ്ലീഷ് മീഡിയം എൽ പി സ്കൂൾ | 1 | 181 | 5 |
| 11 | പുറനാട്ടുകര | അങ്കണവാടി | 2 | 16 | 1 |
| | | അമല മേരി റാണി പബ്ലിക്ക് സ്കൂൾ | 1 | 590 | 25 |
| | | കേന്ദ്രീയ വിദ്യാലയം | 1 | 2361 | 69 |
| 12 | പാരിക്കാട് | അങ്കണവാടി | 2 | 27 | 1 |
| 13 | മൂർപ്പാറ | അങ്കണവാടി | 1 | 10 | 1 |
| | | ശ്രീരാമകൃഷ്ണ മന്ദിരം ക്രഷ് | 1 | 45 | |
| | | SRKGVMHS പുറനാട്ടുകര | 1 | 1392 | 65 |
| | | SRKGVM LP സ്കൂൾ | 1 | 344 | 13 |

ആരംഭിച്ച ശ്രീ. ശാരദ മന്ദിരവും, 1953 – ൽ ആരംഭിച്ച അടാട്ട് ക്രഷ്ണം ഈ മഠത്തിനോടനുബന്ധിച്ച ആ കാലത്തെ പുതിയ സംരഭങ്ങൾ ആയിരുന്നു. 1962 – ൽ പെൺകുട്ടികളുടെ സ്കൂളും, ഹോസ്റ്റലും രേഖാമൂലം പുറനാട്ടുകര രാമകൃഷ്ണ മഠത്തിൽ നിന്ന് വേർതിരിഞ്ഞ്, പുറനാട്ടുകരയിൽ ശ്രീ. ശാരദാമഠത്തിൻറെ ഒരു ശാഖയായി രൂപീകൃതമായി. രാജ്യത്തിനകത്തും പുറത്തും സംസ്കൃത ഭാഷാ പഠനത്തിൻറെ പുരോഗതിയ്ക്കും, സംരക്ഷണത്തിനും. പ്രചാരത്തിനുമായി, 1970 ഒക്ടോബറിൽ സൊസൈറ്റി രജിസ്ട്രേഷൻ ആക്ട്, 1860 പ്രകാരം രജിസ്റ്റർ ചെയ്ത സ്വയംഭരണാധികാരം ഉള്ള രാഷ്ട്രീയ സംസ്കൃത സംസ്ഥാൻ“ എന്ന സ്ഥാപനം അടാട്ടിൽ സ്ഥാപിതമായി. ഈ സ്ഥാപനത്തിന് പൂർണ്ണമായും ധനസഹായം നൽകുന്ന ഇന്ത്യ ഗവൺമെൻറാണ്, ഇന്ത്യ ഗവൺമെൻറിൻറേയും, യൂണിവേഴ്സിറ്റി ഗ്രാൻറ്സ് കമ്മീഷൻറെയും അർഹമായ അംഗീകാരം ലഭ്യമായതിനു ശേഷം ഈ സ്ഥാപനം മെയ് 07, 2002 മുതൽ ഡീംഡ് യൂണിവേഴ്സിറ്റി ആയി മാറി.

സംസ്കൃതത്തിൻറെ പ്രചാരത്തിനും വികസനത്തിനും വേണ്ടിയുള്ള വിവിധ

| | | | | | |
|---|---|---|---|---|---|
| | | ഭാരതീയ വിദ്യാലയം | 1 | 50 | |
| 14 | സംസ്കൃതം കോളേജ് | അങ്കണവാടി | 1 | 18 | 1 |
| | | ശ്രീ ശാരദ ശിശുവിഹാർ നഴ്സറി സ്കൂൾ | 1 | 60 | |
| | | ശ്രീശാരദ എച്ച് എസ് എസ് | 1 | 1133 | 57 |
| | | അങ്കണവാടി | 2 | 22 | 1 |
| 15 | മാനിടം | അങ്കണവാടി | 2 | 15 | 1 |
| 16 | ഉടലക്കാവ് | ഗവ.എൽ പി സ്കൂൾ അടാട്ട് | 1 | 72 | 18 |
| | | അങ്കണവാടി | 2 | 18 | 1 |
| 17 | അമ്പലംകാവ് | അങ്കണവാടി | 2 | 26 | 1 |
| 18 | അടാട്ട് | ഭാരതീയ വിദ്യാപീഠം | 1 | 309 | 25 |

## ഉന്നതവിദ്യാഭ്യാസം

| | |
|---|---|
| സ്കീമുകൾ നടപ്പിലാക്കുന്നതിനുള്ള ഇന്ത്യ ഗവൺമെൻറിൻറെ മിനിസ്ട്രി ഓഫ് ഹ്യൂമൺ റിസോഴ്സ് ഡെവലപ്പ്മെൻറ് - ൻറെ കീഴിലുള്ള ഒരു അപ്പെക്സ് ബോഡിയായും, ഇന്ത്യ ഗവൺമെൻറിൻറെ "മിനിസ്ട്രി ഓഫ് എഡ്യൂക്കേഷൻ 1956 - ൽ തുടങ്ങിയ "സംസ്കൃത കമ്മീഷൻ - ൻറെ വിവിധ ശുപാർശകൾ നല്ല രീതിയിൽ നടപ്പിലാക്കുന്നതിനുള്ള ഒരു അപ്പെക്സ് ബോഡിയായും, "രാഷ്ട്രീയ സംസ്കൃത സംസ്ഥാൻ പ്രവർത്തിക്കുന്നു. | ഉന്നത വിദ്യാഭ്യാസം ലക്ഷ്യമിട്ട് അനവധി വിദ്യാഭ്യാസ സ്ഥാപനങ്ങൾ അടാട്ട് ഗ്രാമപഞ്ചായത്തിൽ പ്രവർത്തിച്ചു വരുന്നു. സംസ്കൃത ഭാഷക്ക് പ്രാധാന്യം നൽകികൊണ്ട് സ്ഥാപിതമായ രാഷ്ട്രീയ സംസ്കൃത സംസ്ഥാൻ ഡീംഡ് യൂണിവേഴ്സിറ്റിയിൽ ഹയർസെക്കന്ററി കൂടാതെ ബി.എ , എം.എ എന്നിങ്ങനെ വിവിധ കോഴ്സുകൾ ലഭ്യമാക്കുന്നുണ്ട്.<br>പ്രൊഫഷണൽ വിദ്യാഭ്യാസ സൗകര്യം ലഭ്യമാക്കുന്നതിനായി ഐ.ഇ.എസ് എഞ്ചിനീയറിങ്ങ് കോളേജ് , ഐ.ഇ.എസ് ആർക്കിട്ടെക്ക് കോളേജ് , അമല മെഡിക്കൽ കോളേജ് , അമല ആയുർവേദ കോളേജ് & റിസർച്ച് സെൻ്റർ എന്നീ വിദ്യാഭ്യാസ സ്ഥാപനങ്ങൾ നിലവിൽ പ്രവർത്തിക്കുന്നുണ്ട്. |

| കുടിവെള്ളം | |
|---|---|
| അന്ന് | ഇന്ന് |
| ജലസമ്പത്തിൽ മുൻപന്തിയിൽ നിൽക്കുന്ന സംസ്ഥാനമാണ് കേരളം. എന്നിട്ടും കേരളത്തിൽ കുടിവെള്ളക്ഷാമവും, വരൾച്ചയും ഒരു പ്രശ്നമാ യിരിക്കുകയാണ്. കേരളത്തിലെ ജലസമ്പത്ത് നാം ശരിക്കും ഉപയോഗപ്പെടുത്തുന്നില്ല എന്നതാണ് ഇ തിനുകാരണം. അടാട്ട് ഗ്രാമപഞ്ചായത്തിലെ സ്ഥി തിയും ഇതിൽ നിന്ന് ഒട്ടും വിഭിന്നമല്ല. ജലവിതര ണത്തിൽ നമ്മൾ സ്വാശ്രയത്വം നേടേണ്ടിയിരിക്ക ന്നു. | ജീവൻറെ നിലനിൽപ്പിന് വായു പോലെ പ്രധാനപ്പെട്ടതാണ് കുടിവെള്ളം. അമൂല്യമായ ദേശീയ സമ്പത്തായ ശുദ്ധ ജലം ഇന്ന് വളരെയധികം ക്ഷാമം നേരിടുന്ന ഒരു വിഭവമാണ്. ആ നിലയ്ക്ക് ശുദ്ധജലവിതരണം വളരെയധികം പ്രാധാന്യമർഹിക്കുന്നു.<br><br>കൂടാതെ സുഖസമൃദ്ധവും ആർഭാട പൂർണ്ണവുമായ ആധുനിക ജീവിതം നമ്മുടെ നാടിനെ മാലിന്യക്കൂമ്പാരമാക്കിക്കൊണ്ടിരിക്കുകയാണ്. ആയതിനാൽ മാലിന്യ നിർമ്മാർജ്ജനത്തിൻറെ സാദ്ധ്യതകളെപ്പറ്റി വിശകലനം ചെയ്യേണ്ടത് അത്യാവശ്യമാണ്. അടാട്ടിലെ ഭൂരിഭാഗം ജനങ്ങളും കുടിവെള്ളത്തിനായി കിണറുകളെയാണ് ആശ്രയിക്കുന്നതെങ്കിലും ഈ പഞ്ചായത്തിലെ ചില മേഖലകളിൽ വളരെയധികം കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നു. അടാട്ട് |

കുടിവെള്ളത്തെകുറിച്ച് ചർച്ചചെയ്യുമ്പോൾ പ ഞ്ചായത്തിന്റെ സവിശേഷമായ ഭൂമിശാസ്ത്രപരമാ യ കിടപ്പ് കണക്കിലെടുക്കേണ്ടതുണ്ട്. അടുത്തടു സ്ഥിതി ചെയ്യുന്ന മൂന്നു കുന്നുകളും, അതിന്റെ താഴ്വരകളും, ഉയർന്ന സമതലങ്ങളും, കോൾ നില ങ്ങളും, അടങ്ങുന്നതാണ് അടാട്ട് പഞ്ചായത്ത്. മിയുടെ ചെരിവ് കാരണം മഴവെള്ളം മണ്ണിൽ ആ നിറങ്ങാതെ പെട്ടെന്ന് ഒഴുകി പോവുന്നു. ഇതു മൂലം വേനൽക്കാലത്ത് കിണറുകളിൽ വെള്ളം ക റയുന്നുണ്ട്. പഞ്ചായത്തിന്റെ മുഖ്യ കുടിനീർ സാ തസ്സ് കിണറുകളാണ്. ഏകദേശം 50% പേരാണ് കുടിനീരിനായി സ്വന്തം കിണറുകളെ ആശ്രയിക്ക ന്നത്. ബാക്കിയുള്ളവർ പൊതുടാപ്പുകളെയും, പൊ തുകിണറുകൾ, കുഴലിണറുകൾ, അയൽവീട്ടുകളി ലെ കിണറുകൾ എന്നിവയെ ആശ്രയിക്കുന്നു. പ്രാദേശികമായി കൂട്ടതൽ പൊതു ടാപ്പുകളുടെയും, കിണറുകളുടെയും, അഭാവവും ഉള്ള കിണറുകളു ടെ ശോചനീയാവസ്ഥയും, ജലക്ഷാമം രൂക്ഷമാക്കു

പഞ്ചായത്തിൽ വർഷത്തിൽ നാലുമാസ മെങ്കിലും രൂക്ഷമായ ജലക്ഷാമം അനുഭവപ്പെടുന്നു ണ്ട്. കുടിവെള്ള വിതരണത്തിന് മാത്രമായി

ഗ്രാമപഞ്ചായത്തിലെ കുടിവെള്ള ലഭ്യത ജലസ്രോതസ്സുകൾ, നിലവിലുള്ള ജലവിതരണ സംവിധാനങ്ങൾ, മാലിന്യ നിർമ്മാർജ്ജന സംവിധാനങ്ങൾ എന്നിവയെ കുറിച്ചാണ് ഈ അദ്ധ്യായത്തിൽ പ്രതിപാദിക്കുന്നത്. കുടിവെള്ളം നിലവിലെ സ്ഥിതി വർഷപാതത്തിൽ വന്ന കുറവുമൂലവും കൃഷിരീതിയിലും ജലസേചനത്തിലും വന്ന മാറ്റം മൂലവും ഗ്രാമപഞ്ചായത്തിൽ കുടിവെള്ളക്ഷാമം രൂക്ഷമായിക്കൊണ്ടിരിക്കുകയാണ്. അടാട്ട് ഗ്രാമപഞ്ചായത്തിലെ കുടിവെള്ള മേഖലയുടെ നിലവിലെ സ്ഥിതി വിശകലനം ചെയ്യുന്നത് താഴെ പറയുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിലാണ്.

1.കുടിവെള്ളസ്രോതസ്സുകളുടെതരം
2.കുടിവെള്ള പദ്ധതികൾ
3. കുടിവെള്ളക്ഷാമം
4. കുടിവെള്ളം ലഭ്യമാകുന്ന സമയവും സ്രോതസ്സിലേയ്ക്കു സഞ്ചരിക്കേണ്ട ദൂരവും

കുടിവെള്ള സ്രോതസ്സുകളുടെ തരം

അടാട്ട് ഗ്രാമപഞ്ചായത്തിലെ പ്രധാന സ്രോതസ്സ് കിണറാണ്. പഞ്ചായത്തിൻറെ കണക്കുകൾ പ്രകാരം ആകെ 6620 കിണറുകളാണ് നിലവിലുള്ളത്. കൂടാതെ പഞ്ചായത്തിൽ 539 കുഴൽകിണറുകൾ ഉപയോഗിച്ചു വരുന്നു. ശുദ്ധജലത്തിനായി ജനങ്ങൾ ആശ്രയിക്കുന്ന സ്രോതസ്സുകളെ സൂചിപ്പിക്കുന്ന വാർഡുതല മാപ്പ ചിത്രം 1. കൊടുത്തിരിക്കുന്നു. ഇതിൽ നിന്നും പഞ്ചായത്തിലെ എല്ലാ വാർഡുകളിലേയും പ്രധാന ജല സ്രോതസ്സ് കിണർ തന്നെയാണെന്നും മറ്റുള്ള ജല സ്രോതസ്സുകൾ താരതമ്യേന കുറവാണെന്നും വ്യക്തമാണ്. അടാട്ട് ഗ്രാമപഞ്ചായത്തിൽ നിലവിലുള്ള കുടിവെള്ള പദ്ധതികളെ രണ്ടായി തരം

പഞ്ചാ യത്തിൽ 107 പൊതുടാപ്പകളും, 18 കുഴൽ കിണറു കളും, 35 പൊതുകിണറുകളും ഉണ്ട്. പീച്ചി ശുദ്ധ ജലവിതരണ പദ്ധതിയിൽ നിന്നാണ് കുടിവെള്ളം പൈപ്പ് ലൈൻ വഴി നമുക്ക് ലഭിച്ചുകൊണ്ടിരിക്കുന്ന ത്. ഇപ്പോൾ പഞ്ചായത്തിന് സ്വന്തമായി ശുദ്ധജല വിതരണ പദ്ധതികളില്ല. മുൻപ് പരിക്കാട് കോള നിയിൽ ഉണ്ടായിരുന്ന പദ്ധതിയും, അടാട്ട് കുഴൽ കി ണർ പദ്ധതിയും ഇപ്പോൾ പ്രവർത്തിക്കുന്നില്ല. പ ഞ്ചായത്ത് കിണറുകൾ, കുഴൽ കിണറുകൾ എന്നി വയിൽ ഭൂരിഭാഗവും ഇപ്പോൾ പ്രവർത്തനക്ഷമമല്ല.
ജലഅതോറിട്ടി പഞ്ചായത്തിൽ സ്ഥാപിച്ചിട്ടുള്ള പൊ തുടാപ്പകളിൽ പലതിലും വേനൽക്കാലത്ത് ജലം ലഭിക്കുന്നില്ല. ഒരു പൊതുടാപ്പ് ശരാശരി 15 കുടും ബങ്ങളാണ് ഉപയോഗിക്കുന്നത്. പലപ്പോഴും കാ പ്പകളിൽ നിന്ന് ലഭിക്കുന്ന ജലം ഒട്ടും ശുദ്ധമല്ല. വെള്ളത്തിന് രുചിഭേദവും, ദുർഗന്ധവും, നിറവ്യത്യാ സവും അനുഭവപ്പെടാറുണ്ട്. കുന്നിൻ പ്രദേശങ്ങ ളിൽ താമസിക്കുന്നവർക്ക് കുടിവെള്ളം ശേഖരിക കുന്നതിന് വളരെ ദൂരം സഞ്ചരിക്കേണ്ടതുണ്ട്. പ ഞ്ചായത്തിൽ ആകെ ഇതുവരെ 18 കുഴൽ കിണറു കൾ കുഴിപ്പിച്ചിട്ടുണ്ട്. മൂന്നോ, നാലോ വർഷത്തി നുശേഷം

1.1.2 കുടിവെള്ള പദ്ധതികൾ

1. കേരള ജല അതോറിറ്റിയുടെ കുടിവെള്ള പദ്ധതി

2. ജൽനിധി
3.മറ്റ് കുടിവെള്ള പദ്ധതി

കേരള ജല അതോറിറ്റിയുടെയും അടാട്ട് പഞ്ചായത്തിൻറെയും ഗുണഭോക്തൃ സമിതികളുടേയും നേതൃത്വത്തിലാണ് ഈ പരിസരങ്ങളിൽ കുടിവെള്ളം എത്തിക്കുന്നത്. 18 വാർഡുകളിലായി ജല അതോറിറ്റിയുടെ 2129 വാട്ടർ കണക്ഷനുകൾ മാത്രമാണ്

വീടുകളിലേയ്ക്കായുള്ളത്. ആയതിനാൽ ഹൌസ് കണക്ഷനുകൾ വർദ്ധിപ്പിക്കേണ്ടതുണ്ട്. പൊതുയിടങ്ങളിലായി 294 ടാപ്പുകളിലൂടെ വെള്ളം നൽകുന്നു.
ഗ്രാമപഞ്ചായത്തിലെ 18 വാർഡുകളിലുമായി എല്ലാ വീടുകളിലേക്കും ജലനിധിയുടെ സൗജന്യമായുള്ള പൈപ്പ് കണക്ഷൻ നൽകിയിട്ടുണ്ട്.

അടാട്ട് പഞ്ചായത്തിലെ 1, 2, 6, 9, 12, 14 എന്നീ വാർഡുകളിലൊഴികെ ബാക്കി 12 വാർഡുകളിലുമായി 21 ഓളം ജലവിതരണ പദ്ധതികൾ നിലവിലുണ്ട്. ഇതിൽ 11 പദ്ധതികൾ പഞ്ചായത്തിൻറെ കീഴിലും ബാക്കിയുള്ളവ ഗുണഭോക്തൃ സമിതികളുടേതുമാണ്. എല്ലാ പദ്ധതികളുടെയും ജലസ്രോതസ്സ് കിണർ അല്ലെങ്കിൽ കുഴൽ കിണർ ആണ്. ഏപ്രിൽ, മെയ് മാസങ്ങളിലെ വേനൽക്കാലത്ത് കുടിവെള്ള ക്ഷാമം നേരിടുമ്പോൾ ഈ കുടുംബങ്ങൾ കുടിവെള്ളത്തിനായി – ജലവിതരണത്തെ ആശ്രയിക്കാറുണ്ട്. അടാട്ട് പഞ്ചായത്തിലെ കുടിവെള്ള പദ്ധതികളുടെ വാർഡുതല വിതരണം ചിത്രം 11.3 ൽ ചേർക്കുന്നു.

അവ ഉപയോഗശൂന്യമാകുന്നു എന്നതാ ണ് വസ്തുത. സമൃദ്ധിയായി ഭൂഗർഭജലം ലഭിക്കു ന്ന സ്ഥലമല്ല ഈ പഞ്ചായത്തിന്നു വേണം ക രുതാൻ. പഞ്ചായത്തിലെ മൊത്തം 35 പൊതു കി ണറുകളിൽ ഏപ്രിൽ മെയ് മാസങ്ങളിൽ ജലം ലഭി ക്കുന്ന 18 കിണറുകളുണ്ട്.

കുടിവെള്ളം ലഭ്യമാക്കുന്നതിനുവേണ്ട പഞ്ചാ യത്ത് പല പദ്ധതികളും ആവിഷ്കരിച്ചിട്ടുണ്ട്. പ്രാ ദേശികമായി കിണറുകളും, കുഴൽ കിണറുകളും കു ഴിച്ചിട്ടുണ്ട്. ഒരു പരിധിവരെ പൈപ്പ് ലൈൻ സ്ഥാ പിച്ചിട്ടുണ്ട്. എന്നിരുന്നാലും ഉദ്ദേശിക്കുന്ന തരത്തി ലുള്ള പ്രയോജനം ഇതിൽ നിന്നും ലഭിക്കുന്നില്ല.

വേനലിന്റെ മൂർദ്ധന്യത്തിൽ ടാങ്കുകളിലും, വീപ്പക ളിലും, ജലം നിറച്ച് വാഹനങ്ങൾ വഴി പഞ്ചായത്ത ധികൃതർ അത്യാവശ്യദിക്കുകളിൽ കുടിവെള്ളമെ ത്തിച്ചിട്ടുണ്ട്. കളക്ടറുടെ വരൾച്ചാ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ച് മുഴുവൻ തുകയും ഈ പഞ്ചായത്തിലെ കുടിവെള്ളക്ഷാമം പരിഹരി ക്കാൻ ചെലവഴിച്ചിട്ടുണ്ട്. ഓരോ വാർഡിലും ചെ റിയ പദ്ധതികൾ ആവിഷ്കരിച്ച് സ്വയം പര്യാപ്ത തനേടിയാൽ മാത്രമെ കുടിനീർക്ഷാമം പരിഹരിക്കാനാവൂ.

| ആരോഗ്യം | |
|---|---|
| അന്ന് | ഇന്ന് |
| അടാട്ട് പഞ്ചായത്തിലെ പൊതുജനാരോഗ്യ നിലവാരം സംസ്ഥാന നിലവാരത്തേക്കാൾ ഉയർന്നതാണ്. ആരോഗ്യ നിലവാരത്തിന്റെ അളവുകോ ലുകളായ പൊതുമരണനിരക്ക്, ശിശുമരണനിരക്ക്, ജനനനിരക്ക്, കുട്ടികളുടെ പോഷണനിലവാരം എന്നിവയുടെ പഞ്ചായത്ത് നിരക്കും, സംസ്ഥാന നിരക്കും താരതമ്യം ചെയ്യുമ്പോൾ പഞ്ചായത്തിലെ പൊതുജനാരോഗ്യ നിലവാരത്തെകുറിച്ച് ഒരു ഏകദേശരൂപം കിട്ടുന്നു. പഞ്ചായത്തിലെ പൊതുമ രണനിരക്ക് 5.2 ആണ്. ഇത് സംസ്ഥാന ശരാശരിയേക്കാൾ കുറവാണ്. ശിശുമരണനിരക്ക് സംസ്ഥാന ശരാശരിയെക്കാൾ കുറവാണ്. വൈക ല്യം ബാധിച്ചവരുടെ നിരക്കും കുറവാണ്. ക്ഷയം, കുഷ്ഠം, മലമ്പനി എന്നീ രോഗികളുടെ എണ്ണവും കുറവാണ്. കുട്ടികളുടെ പോഷണനിലവാരത്തെ കുറിച്ചുള്ള പ്രാഥമിക ആരോഗ്യകേന്ദ്രത്തിൽ നിന്നുള്ള റിപ്പോർട്ട് പരിശോധിക്കുമ്പോൾ ഗുരുതരമായ പോഷകഹാരകുറവ് അനുഭവപ്പെടുന്നില്ല എന്നു മനസ്സിലാക്കാം. പ്രാഥമിക ആരോഗ്യകേന്ദ്രത്തിൽ 1995ൽ 9073 രോഗികളും, ഗവർമെന്റ് ആയുർവേദ ഡിസ്പെൻസറിയിൽ 15613 രോഗികളും ചികിത്സാ സഹായം തേടിയിട്ടുണ്ട്. | മനുഷ്യൻറെ സന്തോഷത്തിനും ക്ഷമ ജീവിതത്തിനും അവർക്ക് മെച്ചപ്പെട്ട ആരോഗ്യസ്ഥിതി ഉണ്ടായിരിക്കേണ്ടത് ആരോഗ്യമുള്ള ജനങ്ങൾ കൂടുതൽ കാലം ജീവിച്ചിരിക്കുന്നതിന് സാധ്യതയുള്ളതിനാൽ, കൂടുതൽ കാലം ഒരു ആവശ്യമാണ്. കൂടാതെ മെച്ചപ്പെട്ട വരുമാനം ലഭ്യമാകുന്ന തൊഴിലിൽ ഏർപ്പെടുവാനും, ആവശ്യത്തിനായി കൂടുതൽ നീക്കിയിരിപ്പ് നടത്താനും കഴിയുമെന്നതിനാൽ, അവിടത്തെ സ്വന്തം മൊത്തം സാമ്പത്തിക വ്യവസ്ഥിതിയിൽ ഒരു ഉന്നമനത്തിന് ഇത് സഹായകമാവും.<br><br>ആരോഗ്യമുള്ള ജനങ്ങളാണ് വ്യവസ്ഥിതിയുടെ ഒരു അവലംബം / ആധാരം / നട്ടെല്ല് ആയി വർത്തിക്കുന്നത് എന്ന് രാജ്യങ്ങളുടെ സാമ്പത്തിക പറയപ്പെടുന്നു. ഒരു പ്രദേശത്തിൻറെ ആരോഗ്യ മേഖലയിലെ ഗുണനിലവാരം ജനതയുടെ ആരോഗ്യ നിലവാരം എന്നിവ പല ഘടകങ്ങളെ ആശ്രയിച്ചിരിക്കുന്നു. ഇവയിൽ പ്രധാനമായ പങ്ക് വഹിക്കുന്ന ഘടകം ആരോഗ്യ മന്ത്രാലയം ആണ്. അപ്രധാനമല്ലാത്ത പങ്ക് വഹിക്കുന്ന മറ്റ് ഘടകങ്ങൾ ഈ മേഖലയുമായി ബന്ധപ്പെട്ട സർക്കാർ വകുപ്പുകൾ, സിവിൽ സൊസൈറ്റി സംഘങ്ങൾ, പ്രസ്തുത പ്രദേശത്തെ ജനത ഇവയെല്ലാമാണ്. |

ഒരു പ്രാഥമിക ആരോഗ്യകേന്ദ്രവും, ഒരു ഉ പകേന്ദ്രവും, ഒരു ആയുർവേദ ഡിസ്പെൻസറിയും അടങ്ങുന്നതാണ് ഈ പഞ്ചായത്തിൽ സർക്കാർ ത ലത്തിലുള്ള പൊതുജന ആരോഗ്യസംവിധാനം. ഇതു കൂടാതെ ശ്രീരാമ കൃഷ്ണമഠം ഹോസ്പിറ്റ ലും, കേരളത്തിലെ തന്നെ ഒന്നാം നിരയിൽ

നിൽക്കുന്ന അമല ക്യാൻസർ ഹോസ്പിറ്റലും ഈ പഞ്ചാ യത്തിൽ സ്വകാര്യമേഖലയിൽ പ്രവർത്തിക്കുന്ന ആരോഗ്യസംവിധാനങ്ങളാണ്. അമല കാൻസർ ഹോസ്പിറ്റൽ കോംപ്ലക്സിൽ ആയുർവേദ വിഭാഗത്തി ലും, അലോപ്പതി വിഭാഗത്തിലും ഹോമിയോപ്പതി വിഭാഗത്തിലുമുള്ള ചികിത്സാസൗകര്യങ്ങൾ ഉണ്ട്. പ്രാഥമിക ആരോഗ്യകേന്ദ്രത്തിലും, ഉപ കേന്ദ്രത്തി ലുമായി 17 ജീവനക്കാരും സ്വകാര്യ ആശുപത്രിക ളിൽ 222 ജീവനക്കാരും ഉണ്ട്. ഇതുകൂടാതെ വീട്ടു കളിൽ രോഗികളെ പരിശോധിക്കുന്ന ആയുർവേദ, ഹോമിയോ, അലോപ്പതി ഡോക്ടർമാരും പഞ്ചാ യത്തിന്റെ വിവിധഭാഗങ്ങളിലായുണ്ട്. കിടത്തി ചി കിത്സിക്കാനുള്ള സൗകര്യമുള്ള ആശുപത്രി മൂന്നു കിലോമീറ്റർ ചുറ്റളവിൽ ലഭ്യമാണ്. 1995-96ൽ ഇ രുമ്പ്/ഫോളിക്കാസിഡ് ഗുളികകൾ ലഭിച്ച ഗർഭിണി കളുടെ എണ്ണം 108ഉം, കുട്ടികളുടെ എണ്ണം 667-ഉം, വിറ്റാമിൻ A തുള്ളിമരുന്ന് ലഭിച്ച കുട്ടികളുടെ എ ണ്ണം 392ഉം ആണ്. പഞ്ചായത്തിലെ

പ്രസവങ്ങളെല്ലാം തന്നെ

ജനസമൂഹത്തിൻറെ സുസ്ഥിതിയ്ക്ക് കാര്യക്ഷമമായി പ്രവർത്തിക്കുന്നതും, ആവശ്യമായ സൌകര്യങ്ങൾ ഉൾപ്പെടുന്നതും, ജനങ്ങൾക്ക് എളുപ്പത്തിൽ സമീപിക്കാവുന്നതും / എത്തപ്പെടാവുന്നതുമായ ആരോഗ്യ സ്ഥാപനങ്ങൾ ഉണ്ടാവേണ്ടത് ഒരു ആവശ്യകതയാണ്. പ്രസ്തുത പ്രദേശത്തെ ജനത ഇവയെല്ലാമാണ്. ആയതിനാൽ ആ പ്രദേശത്തെ റോഡുകളുടെ സ്ഥിതി, ആരോഗ്യ കേന്ദ്രങ്ങളിലേയ്ക്ക് എത്തപ്പെടാനുള്ള സൌകര്യങ്ങൾ, ഈ അടിസ്ഥാന സൌകര്യങ്ങൾ ഒരുക്കുന്നതിനുള്ള മൂലധനത്തിൻറെ ലഭ്യത, ഭരണാധികാരികളുടെ ഭരണ നിർവ്വഹണത്തിൻറെ കഴിവ് ഇവയെല്ലാം ആ പ്രദേശത്തിൻറെ ആരോഗ്യമേഖലയുടെ നിലവാരത്തെ നിയന്ത്രിക്കുന്നു.

ആരോഗ്യ സ്ഥാപനങ്ങളുടെ നിലവിലെ അവസ്ഥ, ഇവയുടെ സ്ഥലപരമായ വിതരണം സ്ഥാനം, ഈ തദ്ദേശ ഭരണ പ്രദേശത്ത് റിപ്പോർട്ട് ചെയ്യപ്പെട്ട പകർച്ചവ്യാധികളെ കുറിച്ചുള്ള വിവരണം എന്നിവ ഈ റിപ്പോർട്ടിൻറെ ഭാഗമായി വിശദീകരിച്ചിരിക്കുന്നു.
ഗ്രാമപഞ്ചായത്തിൻറെ കീഴിൽ നിലവിൽ 2 ഹോമിയോ ഡിസ്പെൻസറികൾ ചിറ്റിലപ്പിള്ളി, പുറനാട്ടുകര പാരിക്കാട് കോളനി എന്നിവടങ്ങളിൽ പ്രവർത്തിച്ചു വരുന്നു. വാർഡ് 6 ൽ ഓട്ടിസം സെൻറർ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

അമല ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് അടാട്ട് ഗ്രാമപഞ്ചായത്തിലെ പ്രധാന ചികിത്സാ സ്ഥാപനമാണ് അമല ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ്. പ്രസ്തുത ഹോസ്പിറ്റൽ പ്രസ്ഥാനത്തിൻറെ തുടക്കം 1978 ൽ സ്ഥാപിതമായ അമല ക്യാൻസർ ഹോസ്പിറ്റൽ എന്ന സ്ഥാപനത്തിലൂടെയാണ്. CMI

ആശുപത്രികളിലാണ് നടക്കുന്നത്. പഞ്ചായത്തിലെ പ്രാഥമിക ആരോഗ്യകേന്ദ്രത്തിനും, ഉപകേന്ദ്രത്തിനും ആയുർവേദ ആശുപത്രിക്കും സ്വന്തമായി കെട്ടിടങ്ങൾ ഉണ്ട്. ആരോഗ്യരംഗത്ത് അൽപം മുൻപന്തിയിൽ ആണെങ്കിലും ജനസംഖ്യാ ആനുപാതികമായി കൂടുതൽ ഉപകേന്ദ്രങ്ങൾ സ്ഥാപിക്കേണ്ടതായിട്ടുണ്ട്. ചിറ്റിലപ്പിള്ളി പടിഞ്ഞാറ്, ചൂരക്കാട്ടുകര, പുഴയ്ക്കൽ എന്നിവിടങ്ങളിലായി കുറഞ്ഞത് മൂന്നു ഉപകേന്ദ്രമെങ്കിലും ഉണ്ടാവേണ്ടതുണ്ട്. ഇവിടെ ഉപകേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനു വേണ്ടിയുള്ള ഭൗതിക സാഹചര്യങ്ങൾ ഇപ്പോൾ നിലവിൽ ഉണ്ട്. പഞ്ചായത്തിലെ പൊതുജനാരോഗ്യകേന്ദ്രം സംസ്ഥാനത്തിലെ മറ്റു കേന്ദ്രങ്ങളുമായി തട്ടിച്ചു നോക്കുമ്പോൾ നല്ല നിലയിൽ പ്രവർത്തി ക്കുന്നുണ്ടെന്ന് കാണാം. പക്ഷെ പഞ്ചായത്തിലെ മുഴുവൻ ജനങ്ങളും

ഈ ആരോഗ്യകേന്ദ്രത്തെ പയോഗപ്പെടുത്തുന്നില്ല. പലരും പഞ്ചായത്തിലെ സ്വകാര്യ ആശുപത്രികളെയോ, നഗരത്തിലെ ആശുപത്രികളെയോ ആണ് ആശ്രയിക്കുന്നത്. ഇതിനുള്ള കാരണങ്ങളെ കുറിച്ച് പരിശോധിച്ചാൽ ആരോഗ്യ കേന്ദ്രത്തിന്റെ പോരായ്മകളെ കുറിച്ച് മന സ്സിലാക്കാം. പ്രാഥമിക ആരോഗ്യ കേന്ദ്രത്തിന് കിടത്തി ചികിത്സിക്കാനുള്ള വാർഡിനുള്ള കെട്ടിടമുണ്ടെങ്കിലും മറ്റു പശ്ചാത്തല സൗകര്യങ്ങളും, മുഴുവൻ സമയ സ്റ്റാഫിന്റെയും അഭാവമുണ്ട്. ലാബററ്റ

സഭയുടെ കീഴിലാണ് ഈ ഹോസ്പിറ്റൽ പ്രവർത്തിക്കുന്നത് നിലവിൽ ഒരു

മെഡിക്കൽ കോളേജ്, നഴ്സിംഗ് കോളേജ്, നഴ്സിംഗ് സ്കൂൾ, സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ, ടീച്ചിംഗ് ഹോസ്പിറ്റൽ, ക്യാൻസർ ഹോസ്പിറ്റൽ, ക്യാൻസ റിസർച്ച് സെൻറർ, ആയുർവേദിക് ഹോസ്പിറ്റൽ & റിസർച്ച് സെൻറർ, ഒരു ഹോമിയോപ്പതി ഹോസ്പിറ്റൽ & റിസർച്ച് സെൻറർ, ഒരു ഫാർമസി നിർമ്മാണ യൂണിറ്റ്, കൂടാതെ പ്രായമായവർക്കുള്ള ആശ്രയ വീടായ ബെഥനിഗ്രാം എന്നീ സ്ഥാപനങ്ങൾ അമലയുടെ കീഴിൽ പ്രവർത്തിക്കുന്നു.

അമല ഹോസ്പിറ്റലിനോടനുബന്ധിച്ച പ്രധാനപ്പെട്ട ചില വിവരങ്ങൾ ഇവിടെ നൽകുന്നു. 1973 –ൽ, ശ്രീ. വി.വി ഗിരി ആണ് ഈ ഹോസ്പിറ്റലിന് തറക്കല്ലിട്ടത്. 1978 – ൽ, ശ്രീ. നീലം സഞ്ജീവറെഡ്ഡി, ഔപചാരികമായി അമല ഹോസ്പിറ്റൽ ഉദ്ഘാടനം ചെയ്തു. 1980 ൽ നഴ്സിംഗ് സ്കൂൾ സ്ഥാപിതമായി, 1982 – ൽ ക്യാൻസർ റിസർച്ച് സെൻററും, 1983 – ൽ ആയുർവേദ ഹോസ്പിറ്റലും പ്രവർത്തനം ആരംഭിച്ചു. 1989 ൽ ആണ് അമലയുടെ ഹോമിയോ ശാഖ പ്രവർത്തനം തുടങ്ങിയത്. 2003 വർഷമാണ് അമലയുടെ പ്രധാന വിഭാഗമായ അമല ഇൻസ്റ്റിട്ട്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് – ഉം, മെഡിക്കൽ കോളേജും തുടങ്ങിയത്. അതിനു ശേഷം 2005 – ൽ ആണ് നഴ്സിംഗ് കോളേജ് തുടങ്ങിയത്.

25. ആധുനിക രീതിയിലുള്ള ഓപ്പറേഷൻ തിയേറ്ററുകൾ, 210 സജ്ജീകരിച്ച തീവ്രപരിചരണ ബെഡ്ഡുകൾ, പൂർണ്ണമായി കംപ്യൂട്ടർവത്ക്കരിച്ച് പരസ്പര ബന്ധിത ശൃംഖലയായ ഹോസ്പിറ്റൽ ഇൻഫർമേഷൻ സിസ്റ്റം (HIS), പൂർണ്ണമായി ഡിജിറ്റൽ ആയ റേഡിയോളജി വിഭാഗം എന്നിവയെല്ലാം

റിയോ, ബ്ലഡ്ബാങ്കോ ആവശ്യത്തിനുള്ള മരുന്നുകളോ ഇല്ല. മരുന്നുകൾ ഭൂരിഭാഗവും പുറത്തുനിന്നാണ് വാങ്ങേണ്ടി വരുന്നത്. പ്രാഥമിക ആരോഗ്യകേന്ദ്രത്തിലെ പ്രവർത്തകർ പലപ്പോഴും ഗൃഹ സന്ദർശനം നടത്താറുണ്ട്. മഹിളാ സമാജങ്ങൾ, സ്കൂളുകൾ, നഴ്സറി സ്കൂളുകൾ എന്നിവിടങ്ങ ളിൽ ആരോഗ്യക്ലാസ്സുകൾ നടത്താറുണ്ട്. പഞ്ചായ ത്തിലെ രൂക്ഷമായ പകർച്ചവ്യാധികളോ, ഗുരുതര മായ പോഷക ആഹാരകുറവ് അനുഭവപ്പെടുന്ന മേ ഖലകളോ ഇല്ല. പ്രാഥമിക ആരോഗ്യ കേന്ദ്രത്തി ന്റെ പ്രവർത്തനത്തിന്റെ ഏകദേശരൂപം അവരുടെ സ്ഥിതിവിവരക്കണക്കിൽ നിന്നും മനസ്സിലാക്കാം.

ജലജന്യരോഗങ്ങളാണ് പ്രധാനമായും പഞ്ചായത്തിൽ കണ്ടുവരുന്ന പകർച്ചവ്യാധി. ചെങ്കണ്ണ് ചില കാലങ്ങളിൽ നാട്ടിലാകെ പടരാറുണ്ട്. കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന ഈ പഞ്ചായ ത്തിൽ ശുദ്ധമായ കുടിവെള്ളം ലഭിക്കുന്ന പ്രദേശ ങ്ങൾ കുറവാണ്. പരിസ്ഥിതി മലിനീകരമാണ് മ മറ്റൊരു പ്രശ്നം, കുഴി കക്കൂസുകൾ നിർമ്മാർജ്ജ നം ചെയ്യേണ്ടതുണ്ട്. മുതുവറ, അടാട്ട്, അമലനഗർ എന്നീ പ്രധാന സെന്ററുകളും, പുഴയ്ക്കൽ പാ ടവും വളരെയധികം മലിനീകരണമുള്ള സ്ഥലങ്ങ ളാണ്. കടകളിൽ നിന്നും ഹോട്ടലുകളിൽ നിന്നും വരുന്ന മലിന വസ്തുക്കളും മലിനജലവും ഉടൻ തന്നെ നീക്കം ചെയ്യേണ്ട സംവിധാനങ്ങൾ ഉണ്ടാ കേണ്ടതുണ്ട്. പഞ്ചായത്തിൽ പൊതുമാർക്കറ്റ് ഇ ല്ലാത്തതിനാൽ വഴിയോരങ്ങളിൽ മത്സ്യമാംസാദി കൾ വില്പന

ഉൾപ്പെടുന്നതാണ് ഹോസ്പിറ്റലിലെ വിപുലമായ അടിസ്ഥാന സൌകര്യങ്ങൾ

സ്വകാര്യ മേഖലയിലും, സർക്കാർ മേഖലയിലും ആയി അടാട്ട് ഗ്രാമപഞ്ചായത്തിൽ അലോപ്പതി ചികിത്സാ സമ്പ്രദായം പ്രകാരമുള്ള

വിവിധ ചികിത്സാ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. ഇതിൽ പ്രധാനമായത് വാർഡ് 10, വിലങ്ങൻ പ്രദേശത്ത് പ്രവർത്തിക്കുന്ന അമല ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് എന്ന സ്ഥാപനമാണ്. കാർമ്മലൈറ്റ് അച്ചന്മാർ (CMI) സ്ഥാപിച്ച ഒരു ചാരിറ്റബിൾ സ്ഥാപനമായ അമല ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് – ൻറെ കീഴിലുള്ള മറ്റൊരു അടാട്ട് ഗ്രാമപഞ്ചായത്തിലെ സ്ഥാപനമാണ് അമല ആയുർവേദ ഹോസ്പിറ്റൽ & റിസർച്ച് സെൻറർ, ഗ്രാമപഞ്ചായത്തിലെ പ്രധാന ഹോമിയോ ചികിത്സാ സ്ഥാപനമാണ് ഹോമിയോപ്പതി ഹോസ്പിറ്റൽ ഇപ്പോൾ കിടത്തി ചികിത്സാ സൗകര്യങ്ങളും, നല്ല രീതിയിലുള്ള ഒരു ലബോറട്ടറിയും പ്രവർത്തിക്കുന്ന ഒരു ചികിത്സാ സ്ഥാപനമാണ് ഇത്.

നിലവിൽ ഈവനിംഗ് ഒ പി കൗണ്ടർ പ്രവർത്തിച്ചു വരുന്നുണ്ട്.

സാമൂഹിക – സാമ്പത്തിക സർവ്വേ 2018 പ്രകാരം ഹെൽത്ത് സെന്ററിലേയ്ക്കുള്ള ശരാശരി ദൂരം 0.89 കി. മീറ്റർ ആണെന്നും, ഹോസ്പിറ്റലിലേക്കുള്ള ശരാശരി ദൂരം 1.87 കി. മീറ്റർ ആണെന്നും മനസ്സിലാക്കാം. 2018 – ൽ നടത്തപ്പെട്ട സാമൂഹിക – സാമ്പത്തിക സർവ്വേ പ്രകാരം അടാട്ട് ഗ്രാമപഞ്ചായത്തിൽ ഏറ്റവും കൂടുതൽ ശതമാനം റിപ്പോർട്ട് ചെയ്യപ്പെട്ട അസുഖം ചിക്കൻപോക്സ് ആണെന്നും കാണാം.

| | |
|---|---|
| നടത്തുന്നതിന്റെ ഭാഗമായി ശുചിത്വി ല്ലായ്മയും, അത് മൂലമുണ്ടാകുന്ന രോഗങ്ങളും ഉണ്ടാകുന്നുണ്ട്. ഇതിന് പ്രതിവിധി കണ്ടെത്തേണ്ടതുണ്ട്. | |

| വ്യവസായം | |
|---|---|
| അന്ന് | ഇന്ന് |
| മറ്റ പഞ്ചായത്തുകളെ അപേക്ഷിച്ച് വ്യവ സായങ്ങൾ താരതമ്യേന കുറവായ പഞ്ചായ ത്താണ് അടാട്ട്. വൻകിട വ്യവസായങ്ങൾ ഇവിടെ വില്ലനെൽ, കൊപ്ര, പൊടിക്കുന്ന, മില്ലുകൾ, എ ഞ്ചിനിയറിങ്ങ് സ്ഥാപനങ്ങൾ, വൈരക്കൽ സം കേന്ദ്രങ്ങൾ, കുടിൽ മേഖലയിലെ ഏതാ യൂണിറ്റുകൾ വ്യവസായമേഖല ഇവിടെ ഒതുങ്ങുന്നു<br><br>പഞ്ചായത്തിലെ ആദ്യകാല വ്യവസായങ്ങ ളിൽ കൃത്രിമ വൈരകക്കല്ലുസംസ്കരണം സജീവ മായിരുന്നു. എന്നാൽ പരമ്പരാഗത് വ്യവസായ ങ്ങൾ കുറവായിരുന്നു. ഓട്ടു പാത്രങ്ങളും, തഴപ്പായ, മുള ഉല്പന്നങ്ങളുടെ നിർമ്മാണവും കുടിൽ വ്യവസായങ്ങളുടെ രൂപത്തിലുണ്ടായിരുന്നു. വൈദ്യുതിയുടെ ആഗമനത്തോടെ നെൽ കൊപ്ര ഫ്ലവർ മില്ലുകളും എഞ്ചിനിയറിംങ്ങ് സ്ഥാപനങ്ങളും നിലവിൽ വന്നു.<br><br>പഞ്ചായത്തിൽ നാളിതുവരെ 114 ചെറുകിട വ്യവസായങ്ങൾ | വ്യവസായ രംഗത്ത് കഴിഞ്ഞ 25 വർഷത്തിനുള്ളിൽ ചെറുകിട വ്യവസായ സംരംഭങ്ങൾ ചിലത് ആരംഭിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്തിലെ യുവതി യുവാക്കളുടെ തോഴിലില്ലായ്മക്ക് പരിഹാരമാകുന്നതിനായുള്ള സാഹചര്യം ഇന്ന് നിലവിലില്ല. വ്യവസായ രംഗത്ത് പുതിയ പദ്ധതികൾ ആരംഭിക്കേണ്ടത് കാലഘട്ടത്തിൻറെ ആവശ്യമാണ്. അത് വഴി തൊഴിലില്ലായ്മക്ക് പരിഹാരം കാണുന്നതോടൊപ്പം സാമ്പത്തിക വളർച്ച ശക്തിപ്പെടുത്തുന്നതിനും നമ്മുക്ക് കഴിയും. 1996 ൽ ജന പങ്കാളിത്ത വികസനം ആരംഭിച്ചതിനു ശേഷം നാളിതുവരെയും വ്യവസായ സംരംഭങ്ങളുടെ എണ്ണത്തിൽ കാര്യമായ വർദ്ധനവുകൾ ഒന്നും തന്നെ ഉണ്ടായിട്ടില്ല. കാർഷിക മേഖലക്ക് പ്രാധാന്യം ഉള്ള ഒരു പഞ്ചായത്താണ് അടാട്ട് എങ്കിലും കാലഘട്ടത്തിന്റെ മാറ്റങ്ങൾക്കനുസരിച്ച് പലരും കാർഷിക മേഖലയിൽ നിന്നും മാറുന്നത് നമ്മൾ കാണാതിരുന്നുകൂട. അത്കൊണ്ട് തന്നെ പഞ്ചായത്തിന്റെ സാമ്പത്തിക വളർച്ചക്ക് വ്യവസായിക മേഖലയുടെ വളർച്ച |

ജില്ല വ്യവസായ കേന്ദ്രത്തിൽ രജി സ്റ്റർ ചെയ്തിട്ടുണ്ട്. അതിൽ തന്നെ 58 എണ്ണം മാ ത്രമാണ് ഇപ്പോൾ നിലനില്ക്കുന്നത്. മാത്രമല്ല 50ൽ താഴെ സ്വയം തൊഴിൽ, കുടിൽ വ്യവസായ സ്ഥാപനങ്ങൾ ഇതിനു പുറമെ പ്രവർത്തിക്കുന്നു.

ഈ യൂണിറ്റുകളിൽ ആകെ 500ൽ അധികം പേർ ജോലി ചെയ്യുന്നു. ഇവയെല്ലാം തന്നെ സ്വകാ മേഖലയിലാണ് പ്രവർത്തിക്കുന്നത്. രണ്ടു DWCRA യൂണിറ്റുകൾ ഉൾപ്പെടെ നാല് സ്ഥാപന ങ്ങൾ ചാരിറ്റബിൾ സംഘടനകൾ എന്ന നിലയിൽ പ്രവർത്തിക്കുന്നു. ഇത് 50ലധികം സ്ത്രീകൾക്ക് തൊഴിൽ പ്രദാനം ചെയ്യുന്നുണ്ട്. കൂടാതെ, ഖാദി വില്ലേജ്

ഇൻഡസ്ട്രീസ് അസ്സോസിയേഷന്റെ നൂൽ കേന്ദ്രവും ചൂരക്കാട്ടുകരയിൽ പ്രവർത്തിക്കുന്നു.

സഹകരണമേഖലയിൽ 1981ൽ പ്രവർത്ത നം ആരംഭിച്ച് ഇന്ന് 20 ലക്ഷത്തിലധികം മുതൽമു ടക്കോടുകൂടി പ്രവർത്തിക്കുന്ന വിലങ്ങൻ വർലും വ്യവസായ സഹകരണ സംഘത്തിൽ 48 പേർ ജോലി ചെയ്യുന്നു. പഞ്ചായത്തിലെ ഏറ്റവും വലിയ സ്ഥാപനവും തൊഴിൽ ശാല എന്ന നില യിൽ) ഇതുതന്നെയാണ്. സംഘത്തിന് ഇന്ന് സ്വ തമായി ഉല്പാദനമില്ല. സീതാറാം ടെക്സ്റ്റ യിൽസുമായി കരാർ അടിസ്ഥാനത്തിലാണ് ഉ പാദനം നടത്തുന്നത്. 35 – 40 ക. മാത്രമാണ് ശരാശരി കൂലി നിരക്ക്.

ആദ്യകാലങ്ങളിൽ 30ലധികം തൊഴിലാളി കൾ പ്രവർത്തിയെടുത്തിരുന്ന അടാട്ട് പഞ്ചായത്ത് കല്ലാര വ്യവസായ സഹകരണസംഘത്തിൽ ഇ ഏഴുതൊഴിലാളികൾ മാത്രമാണുള്ളത്. ആധു നിക വൈരക്കല്ലുകളുടെ പ്രചാരത്തിൽ ഈസംഘ ത്തിന്റെ ഉല്പന്നങ്ങൾക്ക് വിപണി കുറവാണ്. അ തിനാൽ സംഘത്തിൽ ഇന്നത്തെ നിലയിൽ പുരോ ഗതി കൈവരിക്കുക പ്രയാസം തന്നെ സംഘം മ റ്റു ഉല്പാദന മേഖലകളിൽ പ്രവേശിച്ച് തൊഴിൽ അവസരങ്ങൾ സൃഷ്ടിച്ചാൽ മാത്രമെ അംഗങ്ങളു ടെ വരുമാനം വർദ്ധിപ്പിയ്ക്കുവാൻ കഴിയൂ. അത്യന്താപേക്ഷിതമാണ്. അത് കൊണ്ട് തന്നെ വരുന്ന 5വർഷത്തിനുള്ളിൽ കൂടുതൽ യുവതി യുവാക്കൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കാവുന്ന വ്യവസായിക സംരംഭങ്ങൾ ആരംഭിക്കേണ്ടതുണ്ട്. വിവിധ വാർഡുകളിലായി കുടുംബശ്രീ യൂണിറ്റുകളുടെ ആഭിമുഖ്യത്തിൽ ഉത്പന്ന നിർമ്മാണ യൂണിറ്റുകളും സോപ്പ് നിർമ്മാണ യൂണിറ്റുകളും പ്രവർത്തിച്ചുവരുന്നു. ഇത്തരത്തിൽ പ്രവർത്തിയ്ക്കുന്ന യൂണിറ്റുകൾക്ക് കുടുംബശ്രീ സി.ഡി.എസ് വഴി സബ്സീഡിയും നൽകിവരുന്നുണ്ട്.

രണ്ട് വർഷത്തോളമായി വ്യവസായ വകുപ്പിൽ നിന്ന് ഇൻറേണിനെ നിയമിച്ച് പ്രവർത്തനങ്ങൾ നടത്തി വരുന്നു. സംരംഭ വർഷത്തിൻറെ ഭാദമായ സംരംഭകർക്കാവശ്യമായ ശിൽപ്പശാല, ലോൺലൈസൻസ് മേള എന്നിവ സംഘടിപ്പിച്ചു. വ്യവസായവകുപ്പിൻറേയും, മറ്റ് വകുപ്പുകളുടേയും പദ്ധതികൾ വഴി വായ്പ, സബ്സിഡി, മാർക്കറ്റിംഗ് സഹായങ്ങൾ നൽകി വരുന്നു.

പട്ടികജാതി വിഭാഗത്തിലെ അംഗങ്ങളെ മാ ഉൾപ്പെടുത്തി രൂപീകരിച്ച ഹരിജൻ കോ-ഓ പ്റ്റീവ് പ്രസ്സ് അടാട്ട് പ്രവർത്തിക്കുന്നു. ഉന്ന സർക്കാർ ഓഹരി പങ്കാളിത്തത്തിലൂടെ ദീർഘകാ ല വായ്പ ലഭിച്ചുവെങ്കിലും സംഘത്തിന്റെ വളർച്ച മന്ദഗതിയാണ്.

അടാട്ട് പഞ്ചായത്തിലെ പ്രധാന കാർഷിക വിളയായ നെല്ല്

സംഭരിച്ച് സംസ്കരിക്കുന്നതിന് 1981ലാണ് ഫാർമേഴ്സ് ബാങ്കിന്റെ കീഴിൽ ഒരു അ രിയുല്പാദനകേന്ദ്രം ആരംഭിച്ചത്. 1986 മുതൽ ര ജിസ്റ്റർ ചെയ്ത വ്യവസായം എന്ന നിലയിൽ പ്ര വർത്തിക്കുന്ന ഈ യൂണിറ്റിന്റെ ഉല്പന്നം 'അപ്പ എന്ന പേരിൽ സുപരിചിതമാണ്. നമ്മുടെ നാട്ടി ലെ നെൽപാദനത്തിന്റെ ചെറിയ ഒരു ഭാഗം സംസ്കരിക്കുന്നതിനുള്ള കഴിവ് മാത്രം ഇന്ന് നി ലവിലുള്ളൂ. അതിനാൽ ഈ സംസ്കരണ കേന്ദ്ര ത്തിന്റെ ഉല്പാദനക്ഷമത (capacity) ഇനിയുമേ റെ വർദ്ധിപ്പിക്കേണ്ടത് അനിവാര്യമാണ്. ഇതുമൂ ലം കൃഷിക്കാരന് ന്യായവിലയും ഉല്പന്നങ്ങൾക്ക് ഗുണമേന്മയേറിയ ഉല്പന്നങ്ങളും മതിയായ അള വിൽ ലഭിയ്ക്കുന്നു.

പരമ്പരാഗത ഓട്ടുനിർമ്മാണത്തിൽ 50 കു ടുംബങ്ങൾ ഏർപ്പെട്ടിട്ടുണ്ട്. ഇവരുടെ ഉല്പന്ന ങ്ങൾ സഹകരണ വിപണനസംഘം വഴിയും സ്വ കാര്യ വിപണിയിലും വിറ്റഴിക്കുന്നു. ഗാർഹിക പ കരണങ്ങൾ എന്ന സ്ഥാനം ഓട്ടുപാത്രങ്ങൾക്ക് ഇ ഇല്ലെങ്കിൽപ്പോലും അലങ്കാരവസ്തുക്കളായി വൻ ജനപ്രീതി നേടിയിട്ടുണ്ട്. ഇവിടെ ഉല്പാദന രീതികൾ പരമ്പരാഗതരീതിൽ തന്നെയാണ്. ആധു നിക സങ്കേതങ്ങൾ അവലംബിക്കുന്നതിനോ, മറ്റു നൂതന രീതികൾ ആവിഷ്കരിക്കുന്നതിനോ സാ മ്പത്തിക സഹായങ്ങൾ ഇവർക്ക് ആവശ്യമാണ്.

കേരളത്തിന്റെ വൈരക്കൽ നിർമ്മാണ
മേഖലയിൽ പഞ്ചായത്തിനും പ്രമുഖ സ്ഥാനമുണ്ട്. ഈ ദശകത്തിന്റെ ആരംഭത്തിൽ വളർച്ച

| | |
|---|---|
| ഉച്ചകോടിലെത്തിയ വൈരക്കൽ വ്യവസായം നമ്മുടെ നാടിന്റെ സാമ്പത്തിക വളർച്ചയിൽ ഒരു നല്ല പങ്ക് വ ഹിച്ചിട്ടുണ്ട്. ഇവിടേയും സമീപ പഞ്ചായത്തുകളി ലും പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ ഇന്നും 500 ഓളം പേർ പ്രത്യക്ഷമായും പരോക്ഷമായും തൊഴിൽ ചെയ്യുന്നു. മാന്യമായ വേതനവും സ്തീ കൾക്ക് തുല്യമായ തൊഴിലവസരങ്ങളും ഈ ഖലയുടെ പ്രത്യേകതകൾ തന്നെയാണ്. വൈരക്ക ല്ലുകളുടെ സംസ്കരണം മാത്രമാണിവിടെ ചെയ്യു ന്നത്. അസ്സംസ്കൃത വസ്തുക്കൾ ഉത്തരേന്ത്യയി ലെ ഏതാനും മധ്യവർത്തികളിലൂടെയാണ്. വ്യവ സായ മേഖലയുടെ നിലനില്പിന് ഈ സ്ഥിതി വി ശേഷം നല്ലതല്ല. ഈ മേഖലയിൽ അഖിലേന്ത്യ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന Hindustan DIamond Corporation ന്റെ ഒരു ഘടകം ഇവിടെയോ ഈ ബ്ലോക്ക് പഞ്ചായത്തിലോ പ്രവർത്തിക്ക ണം എന്നത് ഒരു പ്രധാന ആവശ്യങ്ങളിലൊന്നാ ണ്. ഇതുമൂലം സംസ്കരണ കേന്ദ്രങ്ങൾ എന്ന നി ലയിൽ നിന്നും സ്ഥാപനങ്ങൾ ഉല്പാദന കേന്ദ്രങ്ങളായി മാറുകയും നേരിട്ട് വിദേശനാണ്യം നേടുന്നതിനും സഹായകമാകുന്നു.. | |

| പൊതുമരാമത്ത് – ഊർജം ഇന്ന് | |
|---|---|
| അന്ന് | ഇന്ന് |
| ഗ്രാമീണ വികസനത്തിന്റെ ജീവനാഡികളാണ് മെച്ചപ്പെട്ട ഗതാഗത സൗകര്യങ്ങൾ അടാട്ട് പ ഞ്ചായത്ത് തൃശ്ശൂർ നഗരത്തോട് അടുത്ത് കിടക്കുന്നതുകൊണ്ട് ഗതാഗത സൗകര്യങ്ങൾ താരതമ്യേ ന മെച്ചമാണെങ്കിലും റോഡുകളുടെ ശോചനീയാവസ്ഥ പ്രത്യേകം ശ്രദ്ധ അർഹിക്കുന്നുണ്ട്. ത ശ്ശൂർ ജില്ലയിൽ തന്നെ ഏറ്റവും കൂടുതൽ ഗതാഗത സൗകര്യമുള്ള തൃശ്ശൂർ – കുന്നംകുളം | മുതുവറ–ആമ്പലംകാവ് റോഡ് റീടാറിംഗ് പൂർത്തീകരിച്ചു. അടാട്ട്–ചിറ്റിലപ്പിള്ളി റോഡ്, ആമ്പക്കാട്–മാനിടം റോഡ് റീടാറിംഗ് പ്രവർത്തികൾ പൂർത്തിയാക്കി.<br><br>അടാട്ട് ഗ്രാമപഞ്ചായത്തിൽ നടത്തിയിട്ടുള്ള സാമൂഹിക സാമ്പത്തിക വിവരശേഖരണ പ്രകാരം |

സംസ്ഥാന പാത ഏകദേശം 2KM നീളത്തിൽ പഞ്ചായത്തിലൂ ടെ കടന്നുപോകുന്നുണ്ട്.

പൊതുമരാമത്ത് വക പ്പിന്റെ കീഴിലുള്ള മുതുവറ – അടാട്ട്, അമല നഗർ – ചാവക്കാട് എന്നീ റോഡുകളിലും വളരെയധി ഗതാഗതമുണ്ട്. ഈ റോഡുകൾക്ക് മൊത്തം 10km ദൈർഘ്യം വരും. ഇതുകൂടാതെ 20km നീള ത്തിൽ ടാർ ചെയ്ത റോഡുകളും, 110 KM നീള ത്തിൽ ചെമ്മൺ പാതകളും ഉണ്ട്. അടിയന്തിരമാ ടാർ ചെയ്യാൻ യോഗ്യമായ 25km ദൈർഘ്യത്തി ലുള്ള ചെമ്മൺ റോഡുകൾ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായുണ്ട്. പഞ്ചായത്തിന് ചതുരശ്ര കിലോ മീറ്ററിന് ശരാശരി 5.74km നീളത്തിൽ റോ ഡുകൾ ഉണ്ട്. ഇത് സംസ്ഥാന ശരാശരിയേക്കാൾ കൂടുതലാണ്. വീതി കുറഞ്ഞ വഴികൾ ജനപങ്കാ ളിത്തത്തോടുകൂടി വീതി കൂട്ടി സഞ്ചാരയോഗ്യമാ യ റോഡുകളാക്കി മാറ്റുന്ന പ്രവർത്തനം പഞ്ചായ ത്തിലെ പലപ്രദേശങ്ങളിലും നടക്കുന്നുണ്ട്.

തൃശ്ശൂർ – കുന്നംകുളം സംസ്ഥാന പാത യിൽ പുഴയ്ക്കൽ മുതൽ മുതുവറവരെയുള്ള ഏകദേശം അര കിലോ മീറ്റർ ദൂരം എല്ലാകാലങ്ങളിലും സഞ്ചാരയോഗ്യമല്ലാതായാണ് കാണുന്നത്. ള്ളം കെട്ടികിടക്കുന്നതും റോഡിനിരുവശവും കാനകൾ ഇല്ലാത്തതും, ഉള്ള കാനകൾ വൃത്തിയാക്കാത്തതുമാണ് ഇതിനുള്ള കാരണങ്ങൾ. പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള മുതുവറ – അടാട്ട് – ചിറ്റിലപ്പിള്ളി, അമലനഗർ മുള്ളൂർ റോഡുകൾ ആകെ തകർന്ന അവസ്ഥയിലാണ്. ഇത് അടിയ തിരമായി റീടാറിംഗ് നടത്തി കാനകൾ കെട്ടി സംരക്ഷിക്കേണ്ടതാണ്. ഏറ്റവും വലിയ ടാർ ചെയ്ത പഞ്ചായത്ത് റോഡായ ആമ്പക്കാട് – മാണിടം റീടാറിംഗ്

പഞ്ചായത്തിലെ എല്ലാ വീടുകളിലും വൈദ്യുതി ലഭ്യമാണെന്ന് കാണാം. അതുകൊണ്ടു തന്നെ സമ്പൂർണ്ണ വൈദ്യുതീകരണം കൈവരിച്ച ഒരു ഗ്രാമപഞ്ചായത്താണ് അടാട്ട്ഗ്രാമപഞ്ചായത്ത്.

അടാട്ട് ഗ്രാമപഞ്ചായത്തിൽ വൈദ്യുതി വിതരണം ചെയ്യുന്നത് പുല്ലഴിയിൽ സ്ഥിതി ചെയ്യുന്ന 110 KV

സബ് സ്റ്റേഷൻ മുഖാന്തിരം ആണ്. പുല്ലഴിയിലെ സബ് സ്റ്റേഷൻ മുഖാന്തിരം അടാട്ട് ഗ്രാമപഞ്ചായത്ത് കൂടാതെ അയ്യന്തോൾ പ്രദേശം, കൈപ്പറമ്പ് ഗ്രാമപഞ്ചായത്തിലെ പേരാമംഗലം പ്രദേശങ്ങൾ, കോലഴിയിലെ ശോഭാസിറ്റി എന്നീ പ്രദേശങ്ങളിലും വൈദ്യുതി വിതരണം ചെയ്യപ്പെടുന്നു.

അടാട്ട് ഗ്രാമപഞ്ചായത്തിൽ നടത്തിയ സാമൂഹിക സാമ്പത്തിക സർവ്വേയുടെ അടിസ്ഥാനത്തിൽ പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളുടെ ഉപയോഗം 9.15 % ആണ്. വാർഡ് പാരിക്കാടിൽ ആണ് ഏറ്റവും കൂടുതൽ പാരമ്പര്യേതര ഊർജ്ജ 12 സ്രോതസ്സുപയോഗിക്കുന്നത്. പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകൾ അടാട്ടിൻറെ ഭാവിയിലെ ഊർജ്ജ സുരക്ഷ ഉറപ്പ് വരുത്തും. കൂടാതെ പുനരുൽപ്പാദിപ്പിക്കാവുന്നവയായതിനാലും, പരിസ്ഥിതി ഈ സ്രോതസ്സുകൾ മലിനീകരണത്തിന് കാരണമാകാത്തതിനാലും ഈ മേഖലയിലെ സാധ്യതകൾ അടാട്ടിൽ പരമാവധി ഉപയോഗപ്പെടുത്താവുന്നതുമാണ്.

അടാട്ട് ഗ്രാമപഞ്ചായത്തിലെ 97.68 % വീടുകളിൽ ഗ്യാസ് കണക്ഷൻ ഉണ്ടെന്നാണ് സാമൂഹിക സാമ്പത്തിക സർവ്വേ റിപ്പോർട്ടുകൾ

നടത്താത്തതുകൊണ്ട് ഗതാഗതയോഗ്യമല്ലാതായി തീർന്നിരിക്കുന്നു. പ്രധാന പാടശേഖരങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് വിവിധ വാർഡുകളിലൂടെ കടന്ന് സംസ്ഥാന പാതയിലേക്ക് എത്തുന്ന ഈ റോഡിന്റെ പുനരുദ്ധാരണം പഞ്ചായത്തി ന്റെ കാർഷികമേഖലയെ സംബന്ധിച്ച് പരമപ്രധാ നമാണ്. ടാർ ചെയ്ത പഞ്ചായത്ത് റോഡുകൾ അ റ്റകുറ്റപണികൾ നടത്തുകയും, മെറ്റൽ ചെയ്ത റോ ഡുകൾ എത്രയും പെട്ടെന്ന് ടാറിംഗ് ചെയ്യേണ്ടത് അത്യാവശ്യമാണ്. വിലങ്ങൻകുന്ന്, അടാട്ട്കുന്ന്, ചെട്ടിക്കുന്ന് എന്നിവിടങ്ങളിൽ നിന്ന് ഒഴുകിവരുന്ന മഴവെള്ളം റോഡുകളെ നശിപ്പിക്കാത്തവിധത്തിൽ എത്രയും പെട്ടെന്ന് ഒഴുക്കി കളയാനുള്ള ഒരു മാ സ്റ്റർ പ്ലാൻ പഞ്ചായത്തിന് മൊത്തത്തിൽ ഉണ്ടാക ണ്ടതുണ്ട്. കുന്നിന്റെ താഴ്വരകളായ 4, 5, 6, 7, 10 എ വാർഡുകളിൽ റോഡുകൾ മണ്ണൊലിപ്പ് മൂലം വർഷം തോറും തകർന്നു പോകുന്നുണ്ട്. അതു കൊണ്ട് തന്നെ ഈ പ്രദേശങ്ങളിലെ റോഡുകൾ പ്രത്യേകം പരിഗണന അർഹിക്കുന്നുണ്ട്. നിലവി ലുള്ള ചെറുവഴികൾ കാനകൾ ഇല്ലാത്തതിനാൽ മ ഴക്കാലത്ത് നടക്കാൻ പോലും കഴിയാത്ത അവ സ്ഥയിൽ നാശമായി കിടക്കുകയാണ്. പഞ്ചായ ത്തിലെ ഇത്തരത്തിലുള്ള എല്ലാ വഴികളും വെള്ളം ഒഴിഞ്ഞുപോകാനായി കാനകൾ കുഴിച്ച് ഉപയോഗ പ്രദമാക്കേണ്ടതുണ്ട്. പുറമ്പോക്ക് ചാലുകൾ ചില സ്വകാര്യ വ്യക്തികൾ അടച്ചുകെട്ടുന്നതുമൂലം വെ ള്ളക്കെട്ട് ഉണ്ടാകുന്നുണ്ട്. അതുകൊണ്ട് ഇത്തരം ചാലുകൾ കണ്ടുപിടിച്ച് അളന്നു തിട്ടപ്പെടുത്തി ഒഴി പിച്ച് എടുക്കേണ്ടതുണ്ട്. അതുപോലെ തന്നെ സു ഗമമായ ഗതാഗതത്തിനു തടസ്സം നിൽക്കുന്ന റോ ഡിനു നടുവിലുള്ള ചില ഇലക്ട്രിക് പോസ്റ്റുകൾ മാറ്റേണ്ടതുണ്ട്.

കാണിക്കുന്നത്. 85.7 % വീടുകളിൽ വിറകും, 5.93 % വീടുകളിൽ മണ്ണെണ്ണയും ഇന്ധനമായി ഉപയോഗിക്കുന്നു. 2.06 % വീടുകളിൽ മാത്രമേ വൈദ്യുതി പാചക ആവശ്യങ്ങൾക്ക് ഇന്ധനമായി

ഉപയോഗിക്കുന്നുള്ളു. അടാട്ട് ഗ്രാമപഞ്ചായത്തിൽ 2018 ൽ നടത്തിയ സാമൂഹിക സാമ്പത്തിക സർവ്വേ പ്രകാരം 83.38 % വീടുകളിൽ വിറകും എൽ.പി.ജി യും പാചക ഇന്ധനമായി ഉപയോഗിക്കുന്നു. 5.28 % വീടുകളിൽ വിറകും മണ്ണെണ്ണയും മാത്രമാണ് പാചക ഇന്ധനമായി ഉപയോഗിക്കുന്നത്. പഞ്ചായത്തിലെ ഭൂരിഭാഗം വീടുകളിലും ഇന്ധനമായി ഉപയോഗിക്കുന്നത് വിറകും എൽ.പി.ജി യുമാണെന്ന് പഠനങ്ങൾ വ്യക്തമാക്കുന്നു.

തൃശ്ശൂർ – ഗുരുവായൂർ റെയിൽപാത ഈ പ ഞ്ചായത്തിൽ കൂടി കടന്ന് പോവുന്നുണ്ട്. ഈ പാ ത ഭാവിയിലേക്ക് ഒരു മുതൽക്കൂട്ട് ആണ്. ഈ പാ തയുടെ ഗുണം പരമാവധി ലഭ്യമാകണമെങ്കിൽ ഗു രുവായൂർ – കുറ്റിപ്പുറം റെയിൽവെ ലൈനും, കൊ 1 കൺറെയിൽവെ ലൈനും, യാഥാർത്ഥ്യമാകേണ്ട തുണ്ട്. പഞ്ചായത്തിലെ ഈ റെയിൽപാതയിൽ ചൂരക്കോട്ട് കാവ് റെയിൽവെ കാസിൽ അപകടം പതിയിരിപ്പുണ്ട്. അമല നഗറിൽ റെയിൽവെ സ്റ്റേ ഷൻ ഉണ്ടെങ്കിലും യാത്രക്കാരുടെ എണ്ണം വളരെ കുറവാണ്.

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് നൽകുന്ന വൈദ്യുതിയാണ് അടാട്ട് പഞ്ചായത്തിലെ പ്രധാന ഊർജ്ജസ്രോതസ്സ്, വിൽവട്ടം പഞ്ചായത്തിലെ വിയ്യൂരിൽ സ്ഥിതി ചെയ്യുന്ന 110 കെ വി സബ് സ്റ്റേഷനിൽ നിന്ന് മുതുവറ– പുഴയ്ക്കൽ എന്നീ രണ്ടുഫീഡറുകൾ വഴിയാണ് പഞ്ചായത്തിൽ വൈ ദ്യുതി വിതരണം ചെയ്യുന്നത്. ഉപജാക്താക്കളുടെ എണ്ണവും ഉപയോഗവും വർഷംതോറും ക്രമാതീത മായി വർദ്ധിച്ച് വരുന്നുണ്ട്. സബ്സ്റ്റേഷനിൽ ഇപ്പോൾ ലഭിച്ചുകൊണ്ടിരിക്കുന്ന വൈദ്യുതിയുടെ അളവും പഞ്ചായത്തിലെ ഉപഭോഗവും തമ്മിൽ താരതമ്യം ചെയ്യുമ്പോൾ വളരെയധികം അന്തരം കാണാം. അമിതമായ ഈ ഉപഭോഗം പഞ്ചായത്തിലെ പല പ്രദേശങ്ങളിലും രൂക്ഷമായ വോൾട്ടജ് ക്ഷാമം ഉണ്ടാക്കുന്നുണ്ട്. വൈദ്യുത ഉപഭോഗ ത്തിന്റെ 40% ഗാർഹിക മേഖലയിലും 40% കാർഷി കമേഖലയിലും .5% വാണിജ്യമേഖലയിലും 15% വ്യാവസായിക മേഖലയിലും ഉപയോഗിക്കുന്നു. അടാട്ട് പഞ്ചായത്ത് കാർഷിക മേഖല ആയതു കൊണ്ട് കാർഷിക ഉപയോഗം വളരെ കൂടുതലാ ണ്. ഗാർഹിക മേഖലയിൽ 4771ഉം കാർഷികമേഖ ലയിൽ 1572ഉം വ്യാവസായികമേഖലയിൽ 153ഉം

| | |
|---|---|
| വാണിജ്യമേഖലയിൽ 459ഉം കണക്ഷനുകൾ ഇ പ്പോൾ നിലവിൽ ഉണ്ട്. കണക്ഷനുവേണ്ടിയുള്ള 348 അപേക്ഷകൾ മുതവറ ഇലക്ട്രിസിറ്റി ഓഫീ സിൽ ഇപ്പോൾ നിലവിൽ ഉണ്ട്. ഈ വർഷം മൊത്തം 119 പുതിയ കണക്ഷനുകൾ നൽകി കഴിഞ്ഞി ട്ടുണ്ട്. പഞ്ചായത്തിൽ 16% വീടുകൾ വൈദ്യുതി കരിച്ചിട്ടുണ്ട്. വൈദ്യുതീകരിച്ച് 13 ഹരിജൻ കോള നികൾ പഞ്ചായത്തിൽ ഉണ്ട്. ഈ കോളനികളിൽ ശരാശരി 75% വീടുകൾ വൈദ്യുതീകരിച്ചിട്ടുണ്ട്. ഹരിജൻ കോളനികളിലെ വീടുകളിലാണ് കൂടുത ലായി ഇനിയും വൈദ്യുതി എത്തിക്കേണ്ടത്. തെ രുവു വിളക്കുകളായി 950 ബൽബുകളും 130 ട്യൂ കളും ഉപയോഗിക്കുന്നുണ്ട്. മെർക്കുറി വേപ്പർ ലാ സുകളോ, സോഡിയം വേപ്പർ ലാമ്പുകളോ തെരുവുവിളക്കുകളായി ഉപയോഗിക്കുന്നില്ല. തെരുവു വിളക്കിനു വേണ്ടി പഞ്ചായത്ത് പ്രതിമാസം 14520 രൂപ ഇലക്ട്രിസിറ്റി ബോർഡിൽ അടക്കുന്നുണ്ട്. തെരുവു വിളക്ക് വൈദ്യുത ചാർജ്ജ് ഇനത്തിൽ ഈ വർഷം 174240 രൂപ ചെലവഴിച്ചിട്ടുണ്ട്. ഇത് മൊത്തം വരുമാനത്തിന്റെ 10.15% വരുന്നു. 20.45 km നീളത്തിൽ 11 kv ലൈനും, 41.968 km നീളത്തിൽ ലോടെൻഷൻ സിംഗിൾ ഫേസ് ലൈനും. | |

| സംസ്കാരം | |
|---|---|
| അന്ന് | ഇന്ന് |
| | |

ഓരോ ഗ്രാമത്തിന്റെയും സാംസ്കാരിക പ ശ്ചാത്തലം അതിന്റെ ഭൂപ്രകൃതിയിലും, നിരവധി ഐതിഹ്യങ്ങളിലും, പാരമ്പര്യങ്ങളിലും ആചാരമ ര്യാദകളിലും അധിഷ്ഠിതമാണ്. കേരളത്തിന് പൊ തുവായ ഒരു സാംസ്കാരിക അന്തരീക്ഷം ഉണ്ടെ ങ്കിലും ഗ്രാമങ്ങളോരൊന്നിനും തനതായ ചില സ വിശേഷതകൾ ഉണ്ട്. ഈ പഞ്ചായത്തിലെ സാം സ്കാരിക സവിശേഷതകളെ തനിമയോടെ കണ്ടെ ത്താനുള്ള ഒരു എളിയ ശ്രമം മാത്രമാണിത്.

മുന്നിലേറെ ഭാഗവും കോൾനിലങ്ങളാൽ വ ലയം ചെയ്യപ്പെട്ട ഒരു പഞ്ചായത്താണിത്. ജൂൺ മു തൽ ഡിസംബർ വരെ കോൾ നിലങ്ങളിൽ വെള്ളം കയറിക്കിടക്കുന്നതിനാൽ ഒരു ദ്വീപിന്റെ പ്രതീതി യാണ് ഈ പ്രദേശത്തിനുള്ളത്. തൃശ്ശൂർ വടക്കു നാഥൻ ക്ഷേത്രനിർമ്മാണത്തിനുശേഷം തിരിച്ചു പോകുമ്പോൾ ദേവന്മാർ കുട്ടിയിലെ മണ്ണുതട്ടികുട ഞ്ഞ സ്ഥലമാണ് വിലങ്ങൻകുന്ന് എന്നാണ് പഴമ ക്കാർക്കിടയിലെ ഐതിഹ്യം. ഇന്ന് കോൾ നില ങ്ങളായ സ്ഥലം പണ്ടു പണ്ട് ഗാന്ധാർ വനമായിരു ന്നത്. ഒരിക്കൽ വനം അഗ്നിക്കിരയാവുകയും ഒ രു സർപ്പം മാത്രം രക്ഷപ്പെടുകയും അത് പുള്ളുവ ന്റെ കുടത്തിൽ കയറിയിരുന്നെന്നും ഒരു പഴങ്കഥ

യുണ്ട്. ഈ പഞ്ചായത്തിലെ ഭൂരിഭാഗം ജനങ്ങളും കൃഷിയെ ആശ്രയിച്ചു ജീവിക്കുന്നവരായിരുന്നു. ഇന്ന് കാർഷികവൃത്തിയിൽ നിന്ന് കുറെപ്പേർ അ കന്നുപോയിരിക്കുന്നു എങ്കിലും ഒരു കാർഷിക സം സ്കാരികാടിത്തറയാണ് പഞ്ചായത്തിനുള്ളത്. ജാ തി അടിസ്ഥാനത്തിൽ വിഭജിക്കപ്പെട്ടിരുന്ന തൊഴി ലുകളിന്ന് ആ അതിർവരമ്പുകളെ ലംഘിച്ച് ജാതി മതഭേതമന്യേ എല്ലാവരും ചെയ്യുന്നുണ്ട്. വിദ്യാഭ്യാ സത്തിൽ ഭേതപ്പെട്ട നിലവാരം പുലർത്തുന്ന പ്രദേ

സാംസ്കാരിക മേഖലയിൽ കഴിഞ്ഞ 25 വർഷത്തിനുള്ളിൽ വലിയ തോതിലുള്ള മാറ്റമാണ് ഉണ്ടായിട്ടുള്ളത്. സാർവത്രികമായി ദ്രിശ്യ മാധ്യമങ്ങൾ പ്രചാരത്തിലായതോടെ അതിന്റെ സ്വാധീനം മാറ്റമുണ്ടാക്കിയിട്ടുണ്ട്. ദൃശ്യ മാധ്യമങ്ങളുടെയും സമൂഹ മാധ്യമങ്ങളുടെയും വരവോടെ ലോകത്തെവിടെയും നടക്കുന്ന സാംസ്കാരിക ചലനങ്ങൾ വളരെ പെട്ടെന്ന് നമുക്ക് അനുഭവേദ്യമാകാൻ തുടങ്ങി. അതോടോപ്പം തന്നെ നമ്മുടെ പ്രദേശങ്ങളിലെ ഗ്രാമീണ സംസ്കൃതി ക്രമേണ നമ്മളിൽ നിന്ന് നഷ്ടപെടുകയും ചെയ്യുന്നുണ്ട്. നാട്ടിൻ പുറങ്ങളിലെ കലാവേദികളും അവയുടെ രാത്രി മുഴുവൻ നീണ്ടു നിന്നിരുന്ന വാർഷികാഘോഷങ്ങളും അതതു സാംസ്കാരികാഘോഷങ്ങൾ ആയിരുന്നു. നാട്ടിൻ പുറങ്ങൾ നഷ്ടപെട്ടതോടെ നമ്മുടെ പ്രാദേശിക സാംസ്കാരിക വൈവിധ്യവും ഇല്ലാതാകുന്നുണ്ട് എന്ന കാണാതിരുന്നു കൂട.

ശമാണിത്. സംസ്കൃത ഭാഷയുടെ ശക്തി ജനങ്ങളിലേക്കെത്തിക്കാൻ ശ്രീരാമകൃഷ്ണ ഗുരുകുല വി ദ്യാമന്ദിരം, കേന്ദ്രീയ സംസ്കൃതവിദ്യാപീഠം എന്നി വ വഹിക്കുന്ന പങ്ക് സ്വാഗതാർഹമാണ്. ക്ഷേത്രങ്ങൾ

വിഖ്യാതമായ സംസ്കൃതകാവ്യമായ ചന്ദ്രാ ത്സവത്തിൽ പരാമർശിക്കപ്പെട്ടിട്ടുള്ളതും പ്രസ്തുത ചന്ദ്രോത്സവം നടന്നതുമായ ചിറ്റിലപ്പിള്ളിയിലെ പൗരാണികമായ പഴംമ്പുഴ വിഷ്ണുക്ഷേത്രം, ചെങ്കല്ലി ലുള്ള വാസ്തുശില്പകലയുടെ പ്രകടോദാഹരണ മായ പുറനാട്ടുകരയിലെ കീഴ്പാട്ടിരി ശാസ്താ ക്ഷേ ത്രം, ചിറ്റിലപ്പിള്ളി ശിവക്ഷേത്രം, ആമ്പലങ്കാവ് ദേ വീക്ഷേത്രം, അടാട്ട് ശിവ-വിഷ്ണു ക്ഷേത്രം, ഉടല ക്കാവ് അയ്യപ്പക്ഷേത്രം, പുറനാട്ടുകര വിഷ്ണു ക്ഷേ ത്രം, പാരിക്കാട്, സുബ്രഹ്മണ്യക്ഷേത്രം, പുത്തി രി ചെറുമുക്ക് ക്ഷേത്രം, മുതുവറ ശിവക്ഷേത്രം, രക്കാട്ടുകാവ്, ചൂരക്കാട്ടുകര അയ്യപ്പൻ കാവ്, ചീര കുഴി സുബ്രഹ്മണ്യക്ഷേത്രം, രാമഞ്ചിറ ശ്രീരാമക്ഷേ തം, ചിറ്റിലപ്പിള്ളി ശ്രീ വാസീറം തുടങ്ങി ചില തറവാട്ടുക്ഷേത്രങ്ങൾ ഉൾപ്പെടെ ഹിന്ദുക്കളുടെ ആ രാധനാലയങ്ങൾ എല്ലാ പവിത്രതയോട്ടും കൂടി സം രക്ഷിക്കപ്പെടുന്നുണ്ട്. പ്രദേശിക അതിർ വരമ്പുക ളിലാതെ ഇവയിൽ പലതിലും വിപുലമായ ഉത്സവ ങ്ങൾ നടത്താറുണ്ട്. ആ ഉത്സവങ്ങൾ മത-ജാതി വ്യത്യാസങ്ങൾക്കതീതമായി ഗ്രാമത്തിന്റെ ഉത്സവ ങ്ങളായി ആഘോഷിക്കപ്പെടുന്നു.

പള്ളികൾ

പഞ്ചായത്തിലെ ഏറ്റവും പഴക്കമുള്ള ആമ്പ ക്കാട് സെന്റ് മേരീസ് ചർച്ച്, പുറനാട്ടുകര സെന്റ് സെബാസ്റ്റ്യൻസ് ചർച്ച്, ചിറ്റിലപ്പിള്ളി സെന്റ് റി ാസ് ചർച്ച് എന്നിവയാണ് പ്രധാന പള്ളികൾ. ഓരോ പള്ളികളുടേയും കീഴിലായി ആരാധനാ

| | |
|---|---|
| സൗകര്യത്തിനായി കുരിശുപള്ളികളുമുണ്ട്. ഇവിട ത്തെ തിരുനാളുകൾ നാനാജാതി മതസ്ഥരുടെ ഉത്സവങ്ങളായാണ് ആഘോഷിച്ചുവരുന്നത്.<br><br>മുസ്ലീംപള്ളികൾ<br><br>അമലനഗറിലുള്ള ഒരേയൊരു മുസ്ലീം പള്ളി മാത്രമാണ് ഇന്നു നിലവിലുള്ളത്. ഈ പഞ്ചായ ത്തിൽ മുസ്ലിം ജനസംഖ്യ വിരലിലെണ്ണാവുന്നതു മാത്രമായതിനാൽ മറ്റു പ്രദേശങ്ങളിൽ മുസ്ലിം ആ രാധനാലയങ്ങളില്ല.<br><br>അമല ആശുപത്രിയിലെ ഹിന്ദു-മുസ്ലിം-ക്രി സ്റ്റ്യൻ ആരാധനാലയ സമുച്ചയം ഐക്യത്തിന്റെയും മതസൗഹാർദ്ദത്തിന്റെയും പ്രതീകമാണ്. വായനശാലകൾ. | |

| പട്ടികജാതി | |
|---|---|
| അന്ന് | ഇന്ന് |
| അടാട്ട് ഗ്രാമപഞ്ചായത്തിലെ മുഴവൻ വാർഡുകളിലും പട്ടികജാതി വിഭാഗം ആളുകൾ താമസിച്ച വരുന്നു. മൊത്തം ജനസംഖ്യയിൽ 8% ത്തോളം പട്ടികജാതിക്കാരാണ്. പട്ടികവർഗ്ഗത്തിൽ പെട്ട ഒരു | അടിച്ചമർത്തപ്പെട്ടു കിടന്നിരുന്ന പട്ടികജാതി വിഭാഗത്തെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് ഉയർത്തികൊണ്ട് വരുന്നതിന് ഐതിഹാസികമായ നിരവധി പോരാട്ടങ്ങൾ നടന്ന സംസ്ഥാനമാണ് നമ്മുടേത്. സാമൂഹ്യ തിന്മകൾക്കെതിരായി ജനങ്ങളെ ആവേശം കൊള്ളിച്ച പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയവരായിരുന്നു |

കുടംബം മാത്രമാണ് ഈ ഗ്രാമപഞ്ചായ ത്തിൽ ഇപ്പോൾ ഉള്ളത്. പട്ടികജാതിക്കാർ അധി കവും കോളനികളിലാണ് താമസിക്കുന്നത്. ഇത്ത രത്തിലുള്ള അംഗീകൃത കോളനികൾ 13ഉം അംഗീ കരിക്കേണ്ടതായ കോളനികൾ 2ഉം ഉണ്ട്. ഇതിൽ പരിപൂർണ്ണ വാസയോഗ്യമല്ലാത്ത സ്ഥലങ്ങളിൽ താമസിക്കുന്നവരും ഉണ്ട്. ഇതിനെല്ലാം പുറമെ മി ഭൂമി, ലക്ഷംവീട്, 5 സെന്റ്, 4 സെന്റ് 3 സെന്റ് എന്നീ സ്ഥലങ്ങളിലും, ഒറ്റപ്പെട്ടും കൂട്ടമായും പട്ടി കജാതിക്കാർ താമസിച്ചു വരുന്നു. കുന്നിൻ പ്രദേ ശങ്ങൾ ഒഴികെ (അടാട്ട് കുന്ന്, വിലങ്ങൻകുന്ന്, ആമ്പക്കാട് കുന്ന് ബാക്കി സ്ഥലങ്ങളിലേക്ക് ഒരു വിധം സഞ്ചാരയോഗ്യമായ റോഡുകൾ ഉണ്ട്. കു നിൻ പ്രദേശങ്ങളിൽ ഏറ്റവും ക്ലേശം അനുഭവി ക്കുന്നത് 7-ാം വാർഡിൽ ആണ്.

പാർപ്പിട സൗകര്യങ്ങൾ വളരെ കുറവാണ്. ശാസ്ത്രീയരീതിയിൽ പണിതിട്ടുള്ള വീടുകൾ 2% ഉണ്ടാവും. ബാക്കിയെല്ലാം ഒരു മുറി, അടുക്കള, ചെറിയ ഇറയം, നാലുഭാഗവും ഭിത്തികളില്ലാത്തവ മേൽപ്പുര ഓലമേഞ്ഞത് എന്നിങ്ങനെയുള്ളവയാണ്. കുടിവെള്ള ക്ഷാമം പഞ്ചായത്തിന്റെ മൊത്തം വി ഷയമാണെങ്കിലും മേൽപറഞ്ഞ കോളനി പ്രദേശ ങ്ങൾക്ക് മുൻഗണന കൊടുക്കേണ്ടതാണ്. കുത്ത നെയുള്ള കുന്നിൻ

ശ്രീനാരായണഗുരു, കേളപ്പൻ, അയ്യങ്കാളി, സഹോദരൻ അയ്യപ്പൻ, എ.കെ.ജി, പി.കൃഷ്ണപ്പിള്ള, ഇ.എം.എസ് തുടങ്ങിയവർ. 1936 ലെ ക്ഷേത്ര പ്രവേശന വിളമ്പരത്തോടെ ക്ഷേത്ര കവാടങ്ങൾ എല്ലാ വിഭാഗം ഹൈന്ദവർക്കുമായി തുറന്നുകൊടുക്കപ്പെട്ടു. വിശ്രമ കേന്ദ്രങ്ങളും, പൊതു ഇടങ്ങളും, വിദ്യാലയങ്ങളും പൊതുകിണറുകളും എല്ലാ വിഭാഗം ജനങ്ങൾക്കും ഉപയോഗിക്കാവുന്ന സ്ഥിതിയായി. പട്ടികജാതി വിഭാഗക്കാർക്കെതിരേയുള്ള വിവേചന പെരുമാറ്റം ശിക്ഷാർഹവുമായി. ഇതുപ്രകാരവും സംസ്ഥാനത്ത് മാറിമാറി വന്ന പുരോഗമന സർക്കാരുകളുടെ ഇടപെടലുകൾ മൂലവും ഈ വിഭാഗത്തെ ഒരു പരിധിവരെ സമൂഹത്തിന്റെ മുൻനിരയിലേക്ക് കൊണ്ടുവരുന്നതിന് കഴിഞ്ഞു.

ഒരു കാലത്ത് അമ്പലങ്ങളുടെ പരിസരം വഴിപോകാൻ അധികാരമില്ലാതിരുന്ന ഈ വിഭാഗത്തിൽപ്പെട്ടവരാണ് ഇന്ന് പല അമ്പലങ്ങളിലേയും പൂജാരിമാർ. ഈ ധീരമായ തീരുമാനം കൈകൊണ്ട സംസ്ഥാന സർക്കാരിന്റെ പ്രവർത്തനങ്ങൾ പ്രശംസനീയം തന്നെയാണ്.

എസ്.സി / എസ്.ടി ജനസംഖ്യയുടെയും, ദാരിദ്ര രേഖക്ക് താഴെ എത്ര ജനങ്ങളുണ്ട് എന്നീ മാനദണ്ഡങ്ങൾ കണക്കിലെടുത്തു പിന്നോക്കാവസ്ഥ വിശകലനം ചെയ്യുകയാണ്. ഒരു പ്രദേശത്തിൻറെ സാമൂഹിക

2011 ലെ സെൻസസ് പ്രകാരം തൃശ്ശൂർ ജില്ലയുടെ ജനസംഖ്യയുടെ 10.39%

മുകളിലേക്ക് ഏകദേശം 1/2 കി.മീറ്റർ ദൂരം വെള്ളം തലച്ചുമടായി കൊണ്ടുപോ കേണ്ട സ്ഥിതിവിശേഷവും ഉണ്ട്. ഇതുപോലെ ത ന്നെ വെളിച്ചത്തിന്റെ കാര്യത്തിലും പോരായ്മകൾ ഉണ്ട്. ഇലക്ട്രിക്ക് ലൈൻ എത്തിയിട്ടില്ലാത്ത സ്ഥ ലങ്ങളും ഉണ്ട്. ചില ഭാഗത്ത് 11 കെ.വി. ലൈൻ വി ടിനു മുകളിൽ കൂടി കടന്നുപോകുന്നു. വഴിവിള ക്കുകളും, കുടിവെള്ളവും ഏറ്റവും എളുപ്പമായ രീ തിയിൽ ലഭ്യമാക്കുവാൻ എത്രയും വേഗം നാം ക ട്ടായി പ്രവർത്തിക്കേണ്ടതാണ്. മറ്റു വിഭാഗങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ പട്ടികജാതിക്കാരു ടെ ആരോഗ്യസ്ഥിതി തൃപ്തികരമല്ല. ഇതിന്റെ കാ രണം നല്ല കക്കൂസുകളുടെ അപര്യാപ്തതയാണ്. കുഴികക്കൂസുകളും ഉപയോഗിക്കുന്നുണ്ട്. ഇവ മഴ കാലത്ത് പരിസ്ഥിതി പ്രശ്നങ്ങളും, ആരോഗ്യം ശ്നങ്ങളും ഉണ്ടാകുന്നുണ്ട്. തന്മൂലം കുട്ടികൾ, പ്രായമായവർ, ഗർഭിണികൾ ഇവർക്കെല്ലാം പകർച്ച വ്യാധികൾ എളുപ്പത്തിൽ വ്യാപിക്കുന്നു. കൂടുതൽ ജനങ്ങളും കൂലിപ്പണിക്കാരായതിനാൽ രോഗം വ ന്നാൽ കടം വാങ്ങി ചികിത്സിക്കേണ്ടിവരുന്നു. നി ത്യജീവിതത്തിൽ നിത്യവരുമാനം മിച്ചം വെയ്ക്കു ന്ന പ്രവണത കൂടി ഉണ്ടാകേണ്ടിയിരിക്കുന്നു.

പട്ടികജാതിയിൽ പെടുമ്പോൾ അടാട്ട് ഗ്രാമപഞ്ചായത്തിൽ 12.44 ശതമാനമാണുള്ളത്. ഇത് ജില്ലയിലുള്ളതിനേക്കാൾ നേരിയ വർദ്ധനവ് കാണിക്കുന്നു. പഞ്ചായത്തിൽ എസ്.ടി വിഭാഗത്തിൽ ഉൾപ്പെടുന്നവർ നാമമാത്രമാണ് ഉള്ളത്. സംയോജിത ജില്ലാ വികസന രൂപരേഖ പ്രകാരം തൃശ്ശൂർ ജില്ലയിലെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെയും ആകെ ജനസംഖ്യയുടെ എസ്.സി ജനസംഖ്യ ശതമാനം വിതരണം

എസ് സി കുട്ടികൾക്ക് പഠനമുറി, ബിരുദ പഠനം നടത്തുന്ന വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ്, സ്കോളർഷിപ്പ് എന്നിവ നൽകി വരുന്നു.

| 2025-26 ലെ വരവ് സംബന്ധിച്ച വിവരങ്ങൾ | |
|---|---|
| തനത് വരവ് | തുക |
| കെട്ടിട നികുതി | 15500000 |
| പ്രൊഫഷണൽ നികുതി | 9300000 |
| വാടക | 1200000 |
| ലൈസൻസ് ഫീസ് | 500000 |
| ആകെ | 265000000 |

| മറ്റ് വരവുകൾ | തുക |
|---|---|
| പദ്ധതി വിഹിതം ( ജനറൽ ) | 24238000 |
| SC ഫണ്ട് | 10712000 |
| കേന്ദ്ര ധനകാര്യ കമ്മീഷൻ ഫണ്ട് | 9006765 |
| നോൺ റോഡ് | 7821000 |

| | |
|---|---|
| റോഡ് | 22830000 |
| ആകെ | 74607765 |

| 2025-2026 ലെ ചെലവ് സംബന്ധിച്ച വിവരങ്ങൾ | |
|---|---|
| ഇനം | തുക |
| പൊതുമരാമത്ത് | 13209207 |
| സാമൂഹ്യ ക്ഷേമം | 2753234 |
| കൃഷി | 3775820 |
| ക്ഷീരം | 995630 |
| ആരോഗ്യം | 4749308 |
| മൃഗ സംരക്ഷണം | 995630 |
| വിദ്യാഭ്യാസം | 2877416 |

| | |
|---|---|
| ആകെ | 29356245 |

## ശുചിത്വം

കേരള പഞ്ചായത്തി രാജ് നിയമം, മുനിസിപ്പാലിറ്റി നിയമം എന്നിവ പ്രകാരം അനിവാര്യ ചുമതലയായ ശുചിത്വ-മാലിന്യ സംസകരണ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിനും ഖര-ദ്രവ മാലിന്യ പരിപാലനവുമായി ബന്ധപ്പെട്ട് കേന്ദ്ര സംസ്ഥാന സർക്കാരുകൾ പുറപ്പെടുവിച്ചിട്ടുള്ള വിവിധ ചട്ടങ്ങളും നിയമങ്ങളും നടപ്പിലാക്കുന്നതിനും തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളെ പ്രാപ്തമാക്കുന്നതിനാണ് ശുചിത്വ മിഷൻ രൂപീകരിച്ചിട്ടുള്ളത്. ഇതിന്റെ ഭാഗമായി ശുചിത്വ-മാലിന്യ സംസ്കരണ പദ്ധതികളുടെ ആസൂത്രണം , തയ്യാറാക്കൽ , നിർവഹണം , തുടർ പരിപാലനം , വിവര വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ ( ഐ.ഇ.സി.) , ശേഷിവികസന പ്രവർത്തനങ്ങൾ ( കപ്പാസിറ്റി ബിൽഡിംഗ് ) എന്നീ വിഷയങ്ങളിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കാവശ്യമായ സാങ്കേതിക സാമ്പത്തിക സഹായങ്ങൾ നൽകുന്നതിനുള്ള ഏജൻസി ആയിട്ടാണ് ശുചിത്വ മിഷൻ പ്രവർത്തിക്കുന്നത്. കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ശുചിത്വ-മാലിന്യ സംസ്കരണപദ്ധതികളുടെ നോഡൽ ഏജൻസിയായി 2008 മുതൽ തദ്ദേശ സ്വയം ഭരണ വകുപ്പിന് കീഴിൽ ശുചിത്വ മിഷൻ പ്രവർത്തിച്ചു വരുന്നു.

## ലക്ഷ്യം

“മാലിന്യ മുക്ത കേരളം” എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ പ്രാപ്തരാക്കുന്നതിന് വേണ്ട ശുചിത്വ-മാലിന്യ പരിപാലന പരിപാടികൾ ആസൂത്രണം ചെയ്തു നടപ്പിലക്കുന്നതിനാണ് ശുചിത്വ മിഷൻ നില കൊള്ളുന്നത്. സുരക്ഷിത മനുഷ്യ വിസർജ്ജ്യ നിർമാർജനം , ഖര-ദ്രവമാലിന്യ പരിപാലനം , കുടിവെള്ള ശുചിത്വം , വ്യക്തിഗത-സാമൂഹ്യ-സ്ഥാപന- ശുചിത്വം പരിസര ശുചിത്വം ഇവയിൽ പൂർണ നേട്ടം കൈവരിക്കുക , ഈ നേട്ടങ്ങൾ എക്കാലവും നിലനിർത്തുക എന്നതാണ് ശുചിത്വ മിഷന്റെ ദൗത്യങ്ങൾ .

## നിർദേശങ്ങൾ

- ശുചിത്വ മാലിന്യ സംസ്കരണ പ്രോജക്ടുകൾ പഞ്ചായത്തുകൾക്ക് വിദഗ്ധ ഉപദേശം നൽകൽ, പ്രോജകടുകളുടെ വിലയിരുത്തലും , പഠനവും , റിപ്പോർട്ടിങ്ങും .
- പഞ്ചായത്തുകൾ തയ്യാറാക്കുന്ന ഖര-ദ്രവമാലിന്യ സംസ്കരണ പ്രോജക്ടുകൾ പരിശോധിച്ച് സാങ്കേതിക അംഗീകാരവും , സാമ്പത്തിക സഹായവും നൽകൽ
- പദ്ധതികൾക്ക് സംസ്ഥാന ബഡ്ജറ്റിൽ നിന്നും , കേന്ദ്രാവിഷ്കൃത പദ്ധതികളിൽ നിന്നും സാമ്പത്തിക വിഹിതം അനുവദിക്കൽ.
- ശുചിത്വ മേഖലയിൽ പ്രവർത്തിക്കുന്ന ഇതര സ്ഥാപനങ്ങളും /വകുപ്പുകളുമായി പഞ്ചായത്തിനെ കൂട്ടിയോജിപ്പിക്കുക.
- പൊതുജനങ്ങളിൽ ശുചിത്വബോധം സൃഷ്ടിച്ചു കൊണ്ട് വൃത്തിയും ശുചിത്വവുമുള്ള പരിസരം വീടുകളിലും ,തൊഴിലിടങ്ങളിലും, പൊതുയിടങ്ങളിലും ഉറപ്പുവരുത്തി ഗ്രാമ പ്രദേശങ്ങളുടെ പരിസ്ഥിതി മെച്ചപെടുത്തുക

## കാഴ്ചപ്പാട്

പൊതു ശുചിത്വം , മാലിന്യ രഹിത പരിസ്ഥിതി , ശുദ്ധമായ അന്തരീക്ഷം , ശുചിത്വമുള്ള ജലാശയങ്ങൾ എന്നിവ സൃഷ്ടിച്ച് വൃത്തിയും ഉയർന്ന ആരോഗ്യ ജീവിത നിലവാരവും രൂപപ്പെടുത്തി സംസ്ഥാനത്തിന്റെ ആരോഗ്യ-സാമ്പത്തിക സൂചിക ഉയർത്തുക.

## പ്രവർത്തന മേഖല

1. ഖരമാലിന്യ പരിപാലന പദ്ധതികൾ
2. ദ്രവമാലിന്യ പരിപാലന പദ്ധതികൾ
3. അപകടകരമായ മാലിന്യം /ഇ-മാലിന്യ പരിപാലന പദ്ധതികൾ
4. ശൗച്ചാലയ പദ്ധതികൾ
5. അറവ് മാലിന്യ പരിപാലന പദ്ധതികൾ
6. ആധുനിക വാതക ശ്മശാനം
7. മാലിന്യ ക്കൂനകൾ നീക്കം ചെയ്യൽ
8. മഴക്കാലപൂർവ ശുചീകരണ ക്യാമ്പയിൻ പ്രവർത്തനങ്ങൾ

## ഹരിതകർമസേന

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ വീടുകളിലും , സ്ഥാപനങ്ങളിലും പൊതുയിടങ്ങളിലും രൂപപ്പെടുന്ന അജൈവ പാഴ് വസ്തുക്കൾ ശേഖരിച്ച് തരംതിരിച്ച് സംഭരിച്ച് പുനഃരുപയോഗത്തിനും പുനഃചംക്രമണത്തിനും കൈമാറുന്നതിനും മാലിന്യ സംസക്കരണം സംരംഭം മാതൃകയിൽ നടപ്പിലാക്കുന്നതിനും വേണ്ടി ഹരിത കേരളം മിഷന്റെ ഭാഗമായി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ കുടുംബശ്രീയുടെ മേൽനോട്ടത്തിൽ രൂപം നൽകിയ സംവിധാനമാണ് ഹരിതകർമസേന. അജൈവ പാഴ്വസ്തുക്കൾ ശേഖരിക്കുമ്പോൾ വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്ന യൂസർ ഫീ ,

ശേഖരിച്ച പാഴ്വസ്തുക്കൾ വിൽക്കപെടുമ്പോൾ ലഭിക്കുന്ന തുക , പ്രകൃതി സൗഹൃത സംരഭങ്ങൾ , ഗ്രീൻ പ്രോട്ടോക്കോൾ യൂണിറ്റു നടത്തിപ്പ് തുടങ്ങിയവയിൽ നിന്ന് ലഭിക്കുന്ന തുകയാണ് ഹരിതകർമസേനയുടെ പ്രധാന വരുമാനം. വരുമാനം കുറവുള്ള യൂണിറ്റുകൾക്ക് കുറവ് നികത്തുന്നതിന് സർക്കാർ ഉത്തരവ് പ്രാകാരം വയബിലിറ്റി ഗ്യാപ്പ് ഫണ്ട് പ്രയോജനപ്പെടുത്താം.

നിലവിൽ ഹരിതകർമ്മസേന എല്ലാ മാസവും വീടുകളിൽ നിന്ന് അജൈവ പാഴ്വസ്തുക്കൾ ശേഖരിച്ചു വരുന്നു. അജൈവ പാഴ്വസ്തുക്കൾ തരം തിരിച്ച് അംഗീകൃത ഏജൻസിക്ക് എല്ലാ മാസവും കൈമാറുന്നു.

## മിനി എം.സി.എഫ്.

ഹരിതകർമസേന ശേഖരിക്കുന്ന പാഴ്വസ്തുക്കൾ താത്കാലികമായി സംഭരിച്ചു വയ്ക്കുന്നതിന് വാർഡ് അടിസ്ഥാനത്തിൽ സ്ഥാപിക്കുന്ന ക്യാബിനുകളാണ് മിനി എം.സി.എഫ്. ഒരു മിനി എം.സി.എഫ്. നിർമിക്കുന്നതിന് ഏകദേശം 69,000/- രൂപ ചെലവ് വരും . പലതരം ,മാതൃകകൾ നിലവിലുണ്ട് . തൊഴിലുറപ്പ് പദ്ധതികൾ , പ്ലാൻ ഫണ്ട് , ശുചിത്വമിഷൻ ഫണ്ട് എന്നിവ ഇതിനായി വിനിയോഗിക്കാം.

## എം.സി.എഫ്

മിനി എം.സി.എഫ് കളിൽ നിന്നും ശേഖരിക്കുന്ന പാഴ്വസ്തുക്കൾ രണ്ടാം ഘട്ട മൂല്യ വർദ്ധിത തരം തിരിക്കലിന് വിദേയമാക്കുന്ന കേന്ദ്രങ്ങളാണ് എം.സി.എഫ് കൾ . 500 മുതൽ 1500 വരെ ച.അടി വലിപ്പമുള്ള ഷെഡുകളാണ് ഇതിനായി നിർമിച്ച് ഉപയോഗിക്കുന്നത്.